2017 ജനുവരി 10
വാല്യം 10
ലക്കം 01

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 12

# ഹെബ്രോൻപുരം ഒരുങ്ങി

## ഐ. പി. സി. ജനറൽ കൺവൻഷൻ ജനുവരി 15 –ന് തുടങ്ങും, പാസ്റ്റർ ജേക്കബ് കെ.തോമസും പാസ്റ്റർ പ്രതാപ് സിംഗും അതിഥി പ്രസംഗകർ, 6000 പേർക്ക് ഇരിക്കാവുന്ന എ.സി ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനം 21 ന് നടക്കും


പാസ്റ്റർ ജേക്കബ് ജോൺ


പാസ്റ്റർ കെ. സി. ജോൺ


പാസ്റ്റർ വിത്സൻ ജോസഫ്


പാസ്റ്റർ ജേക്കബ് കെ. തോമസ്


പാസ്റ്റർ പ്രതാപ് സിംഗ്

**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ 93-ാം അന്തർദേശീയ കൺവൻഷനായ കുമ്പനാട് കൺവൻഷന് ഹെബ്രോൻപുരം ഒരുങ്ങി. 2017 ജനുവരി 15 മുതൽ 22 വരെ സഭാ ആസ്ഥാനമായ ഹെബ്രോൻ പുരത്ത് നടക്കുന്ന കൺവൻഷന്റെ ചിന്താവിഷയം *'തിരുവെഴുത്തുകളുടെ ശക്തി'* എന്നതാണ്.

കൺവൻഷൻ പന്തലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഉദ്ഘാടനം ചെയ്തു. അൻപതു ലക്ഷം രൂപ ചിലവഴിച്ചു നിർമ്മിച്ച സ്ഥിരം സ്റ്റേജിന്റെ ഉദ്ഘാടനം ജനുവരി 10 ന് 12 മണിക്ക് നടന്നു. സ്റ്റേജിനോടു ചേർന്നുള്ള പ്രെയർ ചേംബറിൽ പൂർണ്ണ സമയ പ്രാർത്ഥനയ്ക്കും തുടക്കമായി. പ്രെയർ ചേംബറിൽ മുന്നൂറിലധികം പേർക്ക് ഒരുമിച്ച് ഇരുന്ന് പ്രാർത്ഥിക്കാനുള്ള സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഹെബ്രോൻ പുരത്തെ മാലിന്യസംസ്കരണത്തിനായി ഒരു കോടി രൂപയിലധികം ചിലവഴിച്ച് ഉമ്മൻ ഏബ്രഹാം തലവടിയുടെ നേതൃത്വത്തിൽ പ്ലാന്റ് സ്ഥാപിച്ചു.

ജനുവരി 15-ന് വൈകിട്ട് 5.30 ന് സഭാ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോൺ അദ്ധ്യക്ഷത വഹിക്കും. ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ് പ്രാരംഭ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകും. പാസ്റ്റർ ജേക്കബ് കെ.തോമസ് (ഇറ്റാർസി), പാസ്റ്റർ പ്രതാപ് സിംഗ് (ചെന്നൈ) എന്നിവരാണ് ഈ വർഷത്തെ പ്രധാന അതിഥി പ്രസംഗകർ.

പ്രാരംഭ രാത്രി സുവിശേഷ സമ്മേളനത്തിൽ പാസ്റ്റർമാരായ കെ.ജെ.തോമസ്, സണ്ണി കുര്യൻ, സാംകുട്ടി ചാക്കോ എന്നിവർ പ്രസംഗിക്കും. ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ് സ്വാഗതം ആശംസിക്കും. വിവിധ ദിവസങ്ങളിൽ വൈകിട്ട് 5.30 ന് സുവിശേഷ സമ്മേളനത്തിൽ പാസ്റ്റർമാരായ കെ.സി.ജോൺ, വിൽസൺ ജോസഫ്, തോമസ് ഫിലിപ്പ്, റ്റി. വൽസൻ ഏബ്രഹാം, ഫിന്നി സാമുവൽ, കെ.സി.തോമസ്, ഷിബു തോമസ്, ബാബു ചെറിയാൻ, ബേബി വർഗ്ഗീസ്, ഷിബു നെടുവേലിൽ, വർഗ്ഗീസ് ഏബ്രഹാം, ബി.മോനച്ചൻ, സാം ജോർജ്ജ്, കെ.ജോയി, ഫിലിപ്പ് പി തോമസ്, ജെയിംസ് ജോർജ്ജ് എന്നിവർ പ്രസംഗിക്കും. ലോകമെങ്ങുമായി വ്യാപിച്ചു കിടക്കുന്ന ഐ പി.സി.പ്രസ്ഥാനത്തിലെ നൂറുകണക്കിന് പ്രഗത്ഭ പ്രസംകരും ശുശ്രൂഷകരും പകൽ യോഗങ്ങളിൽ ദൈവവചന ശുശ്രൂഷ നിർവ്വഹിക്കും. സാം കുഴിക്കാല ചെയർമാനായും പാസ്റ്റർ റോയി

09

## ബിലീവേഴ്സ് ജേണൽ 10–ാം വർഷത്തിലേക്ക്



**തിരുവല്ല:** ചുരുങ്ങിയ കാലം കൊണ്ട് ക്രൈസ്തവ മാധ്യമരംഗത്ത് ശ്രദ്ധേയമായ മുന്നേറ്റം നടത്തുവാൻ കഴിഞ്ഞ ബിലീവേഴ്സ് ജേണൽ പത്താം വർഷത്തിലേക്ക്. ഏറ്റവും കൂടുതൽ വായനക്കാരെ നേടുവാനും നിലപാടുകൾ കൊണ്ട് പെന്തെക്കോസ്ത് മാധ്യമങ്ങളുടെ ഇടയിൽ വേറിട്ട് നിൽക്കുവാനും ബിലീവേഴ്സ് ജേണലിനു കഴിഞ്ഞത് അഭിമാനമായി ഞങ്ങൾ കരുതുന്നു. ഇത്രത്തോളം സഹായിച്ച സർവ്വശക്തന് എല്ലാവിധ മഹത്വവും അർപ്പിക്കുന്നു. ബിലീവേഴ്സ് ജേണലിന്റെ യാത്രയിൽ ഞങ്ങൾക്ക് താങ്ങായി നിന്ന വായനക്കാർ, പരസ്യദാതാക്കൾ, എഴുത്തുകാർ, കോർഡിനേറ്റേഴ്സ് എല്ലാവർക്കും ഹൃദയംഗമമായ നന്ദി! തുടർന്നും നിങ്ങളുടെ വിലയേറിയ സഹകരണം പ്രതീക്ഷിക്കുന്നു.

**രാജൻ ആര്യപ്പള്ളിൽ ചെയർമാൻ**
**സാംകുട്ടി മാത്യു ചീഫ് എഡിറ്റർ**



## ഒരു സഹനത്തിന്റെ കഥ: അഞ്ജലിയുടെയും

2016 ഡിസംബർ 11 മലയാള മനോരമയുടെ സപ്ലിമെന്റിൽ വന്ന കഥയാണ് ഞങ്ങളെ അഞ്ജലിയുടെ ഭവനത്തിൽ എത്തിച്ചത്. പാസ്റ്റർ ഗ്ലാഡ്സൻ വി. കരോട്ടുമൊത്ത് മാവേലിക്കര ചെറുകോലുള്ള ഭവനത്തിലെത്തിയ ഞങ്ങളെ സ്വീകരിച്ചത് അഞ്ജലിയുടെ പുഞ്ചിരിക്കുന്ന മുഖമാണ്. ആ പുഞ്ചിരിയുടെ പുറകിൽ വലിയൊരു കഥയുണ്ട്. അതാണ് വൈദ്യശാസ്ത്രം സാധ്യമല്ല എന്ന് പറഞ്ഞിടത്ത് ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ആശ്രയവും കൊണ്ട് മരണത്തെ തോല്പിച്ച പെൺകുട്ടിയുടെ കഥ. അത് ആരെയും അത്ഭുതപരതന്ത്രരാക്കും. ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ 14-ാം വയസ്സിൽ നൂറുമീറ്റർ ഓട്ടത്തിൽ ആലപ്പുഴ ജില്ലാ ചാമ്പ്യനായിരുന്ന അഞ്ജലി തുടർന്ന് ശരീരം നുറുങ്ങുന്ന വേദനയുമായി ഓടിത്തീർത്തത് ഒരു വ്യാഴവട്ടക്കാലം. വേദനയുടെ ദുരിതം തന്നെ വേട്ടയാടുമ്പോഴും പുഞ്ചിരിയോടെ ആ വേദനകളെ ആശ്ലേഷിച്ച അഞ്ജലി മറിയം മാത്യുവിന്റെ ജീവിതകഥ അവിശ്വസനീയമെന്ന് തോന്നുന്ന നിലയിൽ ഒരു ദൈവീക വിടുതലിന്റെ കഥ കൂടിയാണ്. തന്നിൽ ആശ്രയിക്കുന്നവരെ വിടുവിക്കുന്ന യേശുവിന്റെ സ്നേഹത്തിന്റെ കഥ.

വായിക്കുക പേജ് 04 – ഒരു സഹനത്തിന്റെ കഥ: അഞ്ജലിയുടെയും

തയ്യാറാക്കിയത്: പാസ്റ്റർ സാംകുട്ടി മാത്യു, ചീഫ് എഡിറ്റർ ബിലീവേഴ്സ് ജേണൽ

## സാക്ഷി



മുമ്പ് സ്വഭാവദൂഷ്യത്തിന്റെയും ദുരുപദേശത്തിന്റെയും ഒക്കെ പേരിൽ മാറ്റി നിർത്തിയവരാണല്ലോ ഇപ്പോൾ ദൂതനെപ്പോലെ പ്രധാന സ്റ്റേജുകളിൽ കസറുന്നത്.

*സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലോ 2 കൊരി.11:14.*

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് 94–ാമത് ജനറൽ കൺവൻഷൻ ജനുവരി 23–29 വരെ


പാസ്റ്റർ സി. സി. തോമസ്


പാസ്റ്റർ പി. ജി. മാത്യൂസ്


പാസ്റ്റർ ജെ. ജോസഫ്


പാസ്റ്റർ ബാബു ചെറിയാൻ


പാസ്റ്റർ ജോൺ തോമസ്


പാസ്റ്റർ സണ്ണി താഴാംപള്ളം


പാസ്റ്റർ പി. ആർ ബേബി


പാസ്റ്റർ എം. കുഞ്ഞപ്പി

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് 94-ാമത് ജനറൽ കൺവൻഷൻ ജനുവരി 23 തിങ്കൾ മുതൽ 29 ഞായർ വരെ തിരുവല്ല ചർച്ച് ഓഫ് ഗോഡ് സ്റ്റേഡിയത്തിൽ നടക്കും. സ്റ്റേറ്റ് ഓവർസിയർ റവ. സി. സി. തോമസ് ഉത്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർ ബാബു ചെറിയാൻ (പിറവം), പാസ്റ്റർ എം. കുഞ്ഞപ്പി, പാസ്റ്റർ ജോൺ തോമസ് (ഹ്യൂസ്റ്റൺ), പാസ്റ്റർ ഷിബു തോമസ് (അറ്റ്ലാന്റാ), ഡോ. മാത്യു ജോർജ്ജ് (ബഹ്റിൻ), പാസ്റ്റർ സണ്ണി താഴാംപള്ളം (ഹ്യൂസ്റ്റൺ), പാസ്റ്റർ പി. ആർ. ബേബി (കളമശ്ശേരി), പാസ്റ്റർ പി. സി. ചെറിയാൻ, കാനം അച്ചൻ, റെജി ശാസ്താംകോട്ട, പാസ്റ്റർ പി. ജി. മാത്യൂസ്, പാസ്റ്റർ ജെ. ജോസഫ് തുടങ്ങിയവർ പ്രസംഗിക്കും.

വൈ. പി. ഇ., സണ്ടേസ്കൂൾ, ലേഡീസ് മിനിസ്ട്രി എന്നിവയുടെ വാർഷിക സമ്മേളനം കൺവൻഷനോടനുബന്ധിച്ച് നടക്കും. ചർച്ച് ഓഫ് ഗോഡ് വേദപാഠശാല വിദ്യാർത്ഥികളു

04

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# പ്രതീക്ഷയോടെ 2017–ൽ






ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

എല്ലാ മാന്യ വായനക്കാർക്കും നന്മ നിറഞ്ഞ പുതുവത്സരാശംസകൾ

സംഭവ ബഹുലമായിരുന്നു 2016. ഇസ്ലാമിക് സ്റ്റേറ്റ് പോലുള്ള ഭീകര സംഘടനകൾ നടത്തിയ നരവേട്ട മനുഷ്യ മനസാക്ഷിയെ മരവിപ്പിക്കുന്നതായിരുന്നു. ആയിരക്കണക്കിന് ജീവൻ നഷ്ടമാക്കിയ ഭീകരതയെ പൂർണ്ണമായി തടയിടുവാൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. വലിയ അപകടങ്ങളും പ്രകൃതി ദുരന്തവും 2106–ൽ വളരെയായിരുന്നു.

ധാരാളിത്തവും ആർഭാടവും ഒരു വശത്ത് മറുവശത്ത് പട്ടിണി മരണങ്ങളുടെ കരളലിയിപ്പിക്കുന്ന ദൃശ്യങ്ങളും.

ദൈവാശ്രയമോ ദൈവഭയമോ ഇല്ലാതെ ജഡോല്ലാസത്തിനായി ജനകോടികൾ ഒഴുകുന്നു

ഭാരതത്തിലെ നോട്ട് നിരോധനവും സാമ്പത്തിക നിയന്ത്രണങ്ങളും ലോകമൊട്ടാകെ ചർച്ചയായിക്കഴിഞ്ഞു. ഇതിന്റെ ഗുണ ദോഷ വശങ്ങളെ വിലയിരുത്തുന്നതേയുള്ളു. ഒരുകൂട്ടർ ഇതിനെ അനുകൂലിക്കുമ്പോൾ മറുഭാഗം എതിർക്കുന്നു. കാത്തിരുന്നു കാണാം.

അമേരിക്കയിൽ ട്രംപിന്റെ വിജയമാണ്, 2016ലെ പ്രധാന അപ്രതീക്ഷിത സംഭവങ്ങളിലൊന്ന് ബൈബിൾ പ്രവചന നിവർത്തിയുടെ ഭാഗമായി ചിലർ ഇതിനെ കാണുന്നു. യിസ്രായേലുമായുള്ള ബന്ധത്തിലെ ട്രംപിന്റ നിലപാടാണ് ഇതിനു കാരണം. ട്രംപിന്റെ മുസ്ലീം വിരുദ്ധ നിലപാടു ചർച്ചയാക്കുന്നു ചിലർ. ഇതിന്റെ ഗുണദോഷവശങ്ങൾ തിരിച്ചറിയണമെങ്കിൽ ട്രംപ് അധികാരത്തിലേറണം. ലോകം മുഴുവൻ ജനുവരി 20–നായി കാത്തിരിക്കുകയാണ്.

ആഗോളതലത്തിൽ ഉണ്ടായ ഭരണമാറ്റങ്ങൾ, പ്രകൃതിയുടെ മാറ്റങ്ങൾ, കാലാവസ്ഥ വ്യതിയാനങ്ങൾ ഇവയെല്ലാം ലോകജനതയ്ക്ക് ആശങ്ക ഉളവാക്കുന്നുണ്ടെങ്കിലും ദൈവജനത്തിന് ഭയപ്പെടേണ്ടതായി ഒന്നുമില്ല.

ആത്മീയ രംഗത്തും ഒട്ടും ആശ നൽകുന്നതായിരുന്നില്ല 2016. അഴിമതിയും ലോകമയത്വവും നിറഞ്ഞ് മലിനമായിരിക്കുന്നു നമ്മുടെ പ്രസ്ഥാനങ്ങൾ. വേദപുസ്തക വ്യവസ്ഥകളോ ഉപദേശങ്ങളോ ഒന്നുംതന്നെ ഗണ്യമാക്കാതെ ഓടുകയാണ് വിശ്വാസിസമൂഹം. എന്നാൽ ഈ ഓട്ടം ഫലപ്രദമോ എന്ന് ആരും നോക്കുന്നില്ല. ഏതൊരു സംരംഭകനും തന്റെ തൊഴിൽ ആദായകരമോ എന്ന കണക്കെടുപ്പ് വർഷാവസാനം നടത്താറുണ്ട്. 2016–ൽ സ്വയം പരിശോധിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ?

2017–ൽ ലോകവ്യാപകമായി ക്രൈസ്തവർക്കു നേരെ പീഡനം വർദ്ധിക്കും എന്നതാണ് നിരിക്ഷകരുടെ പഠനം കാണിക്കുന്നത്. വലിയ പീഡകളുടെ കാലം വരുന്നുവത്രെ. എന്നാൽ കടൽ ക്ഷോഭത്താൽ ഉലയുന്ന കപ്പലിൽ പ്രാണ ഭയത്തിൽ യാത്രക്കാർ അലമുറയിടുമ്പോഴും അടിത്തട്ടിൽ സുഖമായുറങ്ങിയ യോനയുടെ അവസ്ഥയിലാണ് പെന്തെക്കോസ്തുകാർ. നോഹയുടെയും ലോത്തിന്റെയും കാലം പോലെ ധാർമ്മിക അധഃപതനത്തിന്റെ അടിത്തട്ടിലാണ് പെന്തെക്കോസ്തുകാരുടെ ഇന്നത്തെ അവസ്ഥ. തിന്നുക, കുടിക്കുക, ആനന്ദിക്കുക, നാളെ മരിക്കുമല്ലോ എന്നായിരിക്കുന്നു നമ്മുടെ സമൂഹത്തിന്റെയും ചിന്താഗതി. ലോകസുഖങ്ങൾ ആവോളം ആസ്വദിക്കുവാനും ലോകരെപ്പോലെ നടക്കുവാനുമുള്ള ത്വര ഇന്ന് പൊതുവായി കണ്ടുവരുന്നു. വേഷത്തിലോ, ഇടപെടലിലോ, ഭാഷണത്തിലോ ഒന്നും ദൈവജനം എന്ന് പറയുന്നവരെ തിരിച്ചറിയുവാൻ കഴിയാതെ വന്നിരിക്കുന്നു. ഒരു പുനർവിചിന്തനം നമുക്ക് ഉണ്ടായേ തീരൂ. കാരണം ഒരു മടങ്ങിവരവിന് സമയം അതിക്രമിച്ചിരിക്കുന്നു. യിസ്രായേലിന്റെ ശക്തിയായിരുന്ന വേർപാടും വിശുദ്ധിയും കപട പ്രവാചകനായ ബിലെയാമിന്റെ ഗൂഢമായ ഉപദേശം തിരിച്ചറിഞ്ഞ ബാലാക്ക് തന്ത്രപൂർവ്വം നശിപ്പിച്ച് യിസ്രായേലിനെ തോൽപിച്ചതുപോലെ ദുരുപദേഷ്ടാക്കളും ലോകമയത്വവും പെന്തെക്കോസ്തുകാരെ തകർത്തിരിക്കുന്നു. ഇന്ന് വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. വചന പഠനം കുറഞ്ഞു. ശരിയായ ആത്മീയ ഉപദേശം നൽകുവാൻ പ്രാപ്തരായ ഉപദേഷ്ടാക്കളുടെ എണ്ണവും കുറഞ്ഞു. പരിശുദ്ധാത്മാവിന്റെ നിയന്ത്രണവും ആധിപത്യവും നഷ്ടപ്പെട്ടപ്പോൾ അവിടെ പണാധിപത്യവും ജഡികത്വവും അരങ്ങുവാഴുന്നു. അതുകൊണ്ടുതന്നെ ആഴമായ പാപബോധമോ മാനസാന്തരമോ ജനത്തിന്റെ ഇടയിൽ സംഭവിക്കുന്നില്ല. ആഴമേറിയ മാനസാന്തരാനുഭവത്തോടെ കർത്താവിങ്കലേക്ക് മടങ്ങി വരുവാനും ആദിമ സഭയെപ്പോലെ ശ്രദ്ധയോടെ പ്രാർത്ഥിപ്പാനും കഴിയുന്ന ആത്മീക നിലവാരം നമുക്കുണ്ടാകട്ടെ. അതിന് 2017–ൽ സർവ്വശക്തൻ സഹായിക്കട്ടെ.

---

യുവജന പംക്തി

# പുതിയവർഷത്തെ വരവേൽക്കാം....



ബിനു വടശ്ശേരിക്കര

"Tomorrow is the first Blank page of a 365 page book. Write a good one"

പ്രതീക്ഷകളുമായി വീണ്ടും ഒരു പുതിയവർഷം എത്തികഴിഞ്ഞു. പുത്തൻ തീരുമാനങ്ങൾ, പുതിയ പാനലുകൾ, പുതിയ ജീവിതസാഹചര്യങ്ങൾ ഇങ്ങനെ പലതും. ഈ പുതിയ വർഷത്തിൽ ആർക്കും എടുക്കാൻ കഴിയുന്ന ചില തീരുമാനങ്ങളെ പറ്റി തുടർന്ന് വിശദീകരിക്കാം.

പുതിയ വർഷത്തിൽ പലരും പുതിയ തീരുമാനങ്ങൾ സ്വീകരിച്ചപ്പോൾ കൂട്ടത്തിൽ ഒരുത്തൻ പറഞ്ഞു. "ഈ വർഷം ഒരു തീരുമാനവും എടുക്കുന്നില്ലെന്ന് തീരുമാനിച്ചു". എടുക്കുന്ന തീരുമാനങ്ങൾ നിവർത്തീകരണത്തിൽ എത്തിക്കണമെങ്കിൽ കഠിന പരിശ്രമവും നിശ്ചയദാർഢ്യവും ഉണ്ടാകണം. പരിശ്രമങ്ങൾ കൂടാതെ ഒരു തീരുമാനവും വിജയത്തിൽ എത്തുകയില്ല.

ജീവിതത്തിൽ ഉയർച്ചയുടെ പടവുകൾ കയറിയവർ എല്ലാം സ്വന്ത തീരുമാനങ്ങളിൽ ഉറച്ച് നിന്നവരാണ്. ചില തീരുമാനങ്ങൾ അതിൽ തന്നെ വേദനാജനകമാണ്, എന്നാൽ ഫലമോ മാധുര്യവും. അതേ സമയം അത് മറിച്ചു ആകാം, "ഒരുവഴി മനുഷ്യനു ചൊവ്വായി തോന്നും, അവസാനമോ മരണവഴികൾ അത്രേ! എന്ന ശലോമോന്റെ വചനങ്ങൾ മറക്കരുത്. തെറ്റായ തീരുമാനങ്ങൾ ഉണ്ടാക്കുന്ന പരിണിത ഫലങ്ങൾ വളരെയാണ്. അതുകൊണ്ടുതന്നെ താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

**പുതിയ വർഷത്തിൽ**

**1) നിങ്ങളുടെ തീരുമാനങ്ങൾ ദൈവഹിതപ്രകാരം ആയിരിക്കട്ടെ.**

ദൈവ ഇഷ്ടം അറിഞ്ഞുള്ള തീരുമാനങ്ങൾ മാത്രമാണ് നമ്മെ അനുഗ്രഹത്തിലും നന്മയിലും എത്തിക്കുന്നത്. ജീവിതത്തിലെ ഏത് തീരുമാനങ്ങൾ സ്വീകരിക്കുമ്പോഴും, അത് ദൈവഹിതപ്രകാരം ആണെന്നു ഉറപ്പ് വരുത്തുക. വിശുദ്ധ പൗലോസിന്റെ ഭാഷയിൽ "കർത്താവിനു പ്രസാദമായതു എന്തെന്ന് പരിശോധിക്കുക" (എഫെ: 5:9). "It isn't only a new year, It is a new chance for everyone to re-start"

**2) എപ്പോഴും ക്രിയാത്മക വിശ്വാസം നിലനിർത്തുക**

സാഹചര്യങ്ങൾ പ്രതികൂലം ആകുമ്പോൾ പോലും ദൈവത്തിൽ ആഴമായി വിശ്വസിക്കുക. അതിനുദാഹരണമാണ് 'ആശക്ക് വിരോധമായി ആശയോടെ' ദൈവത്തിൽ വിശ്വസിച്ച അബ്രഹാം. കൂടെയുള്ള ബഹുഭൂരിപക്ഷം ആളുകളും അസാദ്ധ്യമെന്ന് പറഞ്ഞപ്പോൾ ദൈവം നമുക്കൊപ്പം ഉണ്ടെങ്കിൽ നിശ്ചയമായും സാധിക്കും എന്ന് പറഞ്ഞ യോശുവയുടെ ഉള്ളിൽ ആ വിശ്വാസമാണ് ഉണ്ടായിരുന്നത്. ദൈവത്തിൽ ആശ്രയിക്കുന്ന നമ്മിൽ വ്യാപരിക്കേണ്ടതും ഈ വിശ്വാസമാണ്. ദൈവം എന്റെ കൂടെയുള്ളപ്പോൾ നിശ്ചയമായും അസാധ്യതകളെയും പരാജയങ്ങളെയും മറികടക്കാൻ കഴിയുമെന്ന ഉറപ്പ്.

⇨ ഒറ്റപ്പെടുത്തലുകളിൽ യേശു കൂടെയുണ്ടെന്ന പ്രത്യാശ

⇨ പരാജയങ്ങളിലും യേശു കൈവിടില്ലെന്ന ഉറപ്പ്

⇨ അസാധ്യങ്ങളെ മറികടക്കുവാൻ ദൈവീക ബലം എന്നിൽ പകരും എന്ന വിശ്വാസം.

**3) പിണക്കങ്ങളും തെറ്റിദ്ധാരണകളും ഒഴിവാക്കുക**

വ്യക്തിബന്ധങ്ങളെ ഇല്ലായ്മ ചെയ്യുന്ന പിണക്കങ്ങളും തെറ്റിദ്ധാരണകളും ഒഴിവാക്കുക. ആരോടും പിണങ്ങി ഇരിക്കില്ല എന്ന തീരുമാനം നല്ലതാണ്. പിണക്കം പകയിലേക്കും, പക നാശത്തിലേക്കും നയിക്കുന്നു. തമ്മിൽ പറഞ്ഞുതീർക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ഇല്ല. പിണക്കങ്ങൾ ദൈവീക ബന്ധത്തിൽ നിന്ന് നമ്മെ അകറ്റും.

"സൂര്യൻ അസ്തമിക്കുവോളും നിങ്ങളുടെ കോപം വെച്ചുകൊണ്ടിരിക്കരുത്" എന്ന വചനം ഓർക്കുക. പിശാചിന് ഇടം കൊടുക്കരുത്. ചില പ്രശ്നങ്ങൾ തീർക്കുവാൻ നിങ്ങളുടെ ഒരു ഫോൺവിളിയോ ക്ഷമാപണ വാക്കുകളോ മതിയാകും. ഇനിയും വൈകരുത്.

**4) ബൈബിൾ വായനയും പ്രാർത്ഥനയും ജീവിതത്തിന്റെ അഭിഭാജ്യ ഘടകമാക്കുക**

"ബൈബിൾ വചനധ്യാനം ജീവിതത്തെ നന്മയിലേക്ക് നയിക്കും. ദൈവവചനം പ്രത്യാശ പകരുന്നതാണ്" എല്ലാ തിരുവെഴുത്തും ദൈവ നിശ്വാസീയമാകയാൽ....ഉപദേശത്തിലും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളത് ആകുന്നു" (എഫെ. 3:16–17). പ്രാർത്ഥന നിങ്ങൾക്കു തരുന്ന ബലവും ആത്മവിശ്വാസവും പകരുവാൻ മറ്റൊന്നിനും കഴിയുകയില്ല. പ്രാർത്ഥന ഒരു പരാതിപ്പെട്ടിയല്ല, മറിച്ച് ദൈവശക്തി പ്രാപിക്കുന്ന ഒന്നായി മാറണം.

**5) പാപത്തോടും പാപസ്വഭാവത്തോടും വിട പറയുക**

ദൈനംദിന ജീവിതത്തിൽ പാപസ്വഭാവങ്ങളും പ്രലോഭനങ്ങളും കടന്നുവരാം. നാം സ്വയമായി ഇവയെ ഉപേക്ഷിക്കുവാൻ തീരുമാനിക്കണം. നമുക്ക് ഉപേക്ഷിക്കുവാൻ കഴിയാത്തതിനെ വിട്ടുകളയുവാൻ ദൈവീകകൃപ അധികമായി കർത്താവ് നൽകും. പാപത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ ഇന്റർനെറ്റ്, ടി.വി. മാധ്യമങ്ങൾ, അനാവശ്യ ബന്ധങ്ങൾ ഇവ ഒഴിവാക്കുക. "Hate the sin and love the sinner"

**6. നിത്യതയുടെ പ്രകാശത്തിൽ കാര്യങ്ങൾ കാണുക**

"Eternity is net Something that begins after you are dead. It is going on all the time"

ഇപ്പോൾ തന്നെ നിത്യതയുടെ വെളിച്ചത്തിൽ ജീവിക്കുവാനും കാര്യങ്ങൾ ചെയ്യുവാനും ആരംഭിക്കുക. അതായത് ഞാൻ ചെയ്യുന്ന കാര്യങ്ങൾ എങ്ങനെ നിത്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന ചോദ്യം. നിത്യതയ്ക്ക് പ്രയോജനം ഇല്ലാത്തവയെ ഒഴിവാക്കുക. ഞാൻ ചിലവിടുന്ന സമയം, പണം, അധ്വാനം ഇവ കൊണ്ട് നിത്യതയിൽ എന്ത് പ്രയോജനം ഉണ്ട് എന്ന് ചിന്തിച്ച് പ്രവർത്തിക്കുക.

⇨ ഇന്ന് മരിച്ചാൽ നിത്യത എവിടെ?

⇨ ഇന്ന് ഞാൻ മരിച്ചാൽ ഞാൻ ഒരുക്കി വെച്ചത് ആർക്കു വേണ്ടി?

⇨ ഞാൻ ചെയ്യുന്ന കാര്യങ്ങൾക്ക് നിത്യതയിൽ പ്രതിഫലം ഉണ്ടോ?

**7) ദൈവരാജ്യകെട്ടുപണിയിൽ പങ്കാളികളാകുക**

കർത്താവിനെ വ്യക്തി ജീവിതത്തിൽ സ്വീകരിച്ച എല്ലാവർക്കും ഉള്ള ഉത്തരവാദിത്വമാണ് ദൈവരാജ്യ കെട്ടുപണിയിൽ പങ്കാളികളാകുക എന്നുള്ളത്. ഒറ്റവാക്കിൽ ഓരോ ക്രിസ്

04

## എനിക്കും പറയാനുണ്ട്

# പത്താം വർഷത്തിലെ ചില ചിതറിയ ചിന്തകൾ



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

വളരെ സന്തോഷത്തോടെയാണ് ഈ കുറിപ്പ് എഴുതുന്നത്. ബിലീവേഴ്സ് ജേണൽ പത്താം വർഷത്തിലേക്ക് കടക്കുന്നു എന്നത് തന്നെയാണ് പ്രധാനം. പതിവ് വഴിവിട്ട് വ്യത്യസ്തതയുടെ പാത തെരഞ്ഞെടുത്ത ജേണലിനെ വായനക്കാർ ഇരുകൈയും നീട്ടി സ്വീകരിച്ചു എന്നതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യം ഉണ്ട്. കൂടുതൽ വായനക്കാരിലേക്ക് പത്രം എത്തിക്കുന്നതിനുള്ള ശ്രമം ജേണലിനെ മറ്റ് പത്രങ്ങളിൽ നിന്ന് വ്യത്യസ്തത ഉള്ളതാക്കി മാറ്റി. ആദ്യലക്കം മുതൽ മൾട്ടിക്കളറിൽ ജേണൽ പുറത്തിറക്കിയപ്പോൾ മറ്റ് പത്രങ്ങളും ജേണലിന്റെ വഴിയെ വരേണ്ടിവന്നു. ആയിരക്കണക്കിന് ഈ-മെയിൽ അഡ്രസ്സുകളിൽ പി.ഡി.എഫ് ഫോർമാറ്റിൽ അയച്ചുകൊടുത്തും വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡിംഗിനുള്ള ക്രമീകരണങ്ങൾ ചെയ്തും പത്രം കൂടുതൽ ആളുകളിൽ എത്തിച്ചു. അങ്ങനെ ഏറ്റവും കൂടുതൽ വായനക്കാരിലേക്ക് എത്തുക എന്ന ഞങ്ങളുടെ ലക്ഷ്യം സാധ്യമായി.

ബിലീവേഴ്സ് ജേണലിന്റെ നിലപാടുകൾ ചിലപ്പോഴെങ്കിലും തെറ്റിദ്ധരിക്കപ്പെടുകയും ചിലരെ ശത്രുക്കളാക്കുകയും ചെയ്തു. വ്യക്തിപരമായി ആരോടും ശത്രുതയോ വൈരാഗ്യമോ ജേണൽ നിലപാടുകളിൽ ഉണ്ടാകാറില്ല. ദുരുപദേശത്തിനും അഴിമതിക്കും നേരെ ജേണലിന്റെ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ പലതും ഫലം കണ്ടു.

2008 ജനുവരിയിൽ നടന്ന കുമ്പനാട് കൺവൻഷനിലാണ് ബിലീവേഴ്സ് ജേണൽ പ്രകാശനം നടന്നത്. പാസ്റ്റർ റ്റി. എസ്. ഏബ്രഹാം ബിലീവേഴ്സ് ജേണലിന്റെ ആദ്യ പ്രതി പാസ്റ്റർ കെ. സി. ജോണിന് നൽകിയാണ് പ്രകാശനം നിർവ്വഹിച്ചത്. (പാസ്റ്റർ റ്റി. എസ്. ഏബ്രഹാം എന്റെ ഗുരുനാഥൻ കൂടിയാണ്. പാസ്റ്റർ കെ. സി. ജോണിന്റെ കൈക്കീഴിലാണ് ഞാൻ വിശ്വാസസ്നാനം സ്വീകരിച്ചത്). അത് ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമാണ്. ബിലീവേഴ്സ് ജേണലിന്റെ ഉദയം അക്ഷരീകമായി ചിലരുടെ ഉറക്കം കെടുത്തി. മുഖംപക്ഷം പിടിക്കാതെയും ഉറച്ച നിലപാടോടെയും മുന്നോട്ട് പോയപ്പോൾ പ്രതിസന്ധികൾ ഒന്നൊന്നായി കടന്നുവന്നു. ഫോണിലൂടെ വധഭീഷണിയും അസഭ്യം പറച്ചിലും ധാരാളം പ്രവാഹം പ്രവർത്തകർക്ക് കേൾക്കേണ്ടിവന്നു. വക്കീൽ നോട്ടീസുകൾ ധാരാളം വന്നു. ഞാനെഴുതിയ ഒരു കഥയുടെ പേരിൽ എന്റെ ഭവനത്തിൽ വധഭീഷണിയുമായി ഗുണ്ടകളും എത്തി. ഇങ്ങനെ എത്രയോ അനുഭവങ്ങൾ.

പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരെ ശക്തമായി ജേണൽ വിമർശിച്ചിട്ടുണ്ട്. എന്നാൽ വ്യക്തിപരമായി എല്ലാവരോടും നല്ല ബന്ധം കാത്തുസൂക്ഷിക്കുവാൻ ജേണലിനു കഴിഞ്ഞു. ജേണൽ ഏറ്റവും കൂടുതൽ വിമർശിച്ചിട്ടുള്ള നേതാക്കന്മാരിൽ ഐ. പി. സിയിലെ പല ആദരീയണരായ പാസ്റ്റർമാരും ഉണ്ട്. എന്നാൽ മറ്റ് പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരേക്കാൾ സഹിഷ്ണതയും മാന്യതയും ഉള്ളത് ഐ. പി. സി. നേതാക്കന്മാർക്ക് തന്നെയാണ്. ഇത് എന്റെ നിരീക്ഷണമാണ്. മറ്റ് പ്രസ്ഥാനത്തിലെ നേതാക്കന്മാർ സദയം ക്ഷമിച്ചാലും.

ഒരു ചർച്ച് ഓഫ് ഗോഡുകാരൻ എന്ന നിലയിൽ ഞാൻ ഏറ്റവും കൂടുതൽ വിമർശിച്ചത് ചർച്ച് ഓഫ് ഗോഡിനെയാണ്. അഴിമതിക്കും അനാത്മീകതക്കും സ്വജനപക്ഷപാതത്തിനുമെതിരെ ശക്തമായി തൂലിക ചലിപ്പിച്ചു. അതിൽ ഒരു ഭരണാധികാരി അനാത്മീകരായ തന്റെ ചില അനുയായികളെ ഉപയോഗിച്ച് കായികമായി ഞങ്ങളെ ഇല്ലായ്മ ചെയ്യുവാനാണ് ശ്രമിച്ചത്. ഇതെല്ലാം രസകരമായ അനുഭവമായിട്ടാണ് ഞാൻ കാണുന്നത്.

പെന്തെക്കോസ്ത് എന്നത് കുത്തഴിഞ്ഞ ഒരു പുസ്തകമായിട്ടാണ് എനിക്ക് തോന്നുന്നത്. ആർക്കും എന്ത് പഠിപ്പിക്കുവാനും എന്ത് ഉടായിപ്പ് കാണിക്കുവാനും പറ്റിയ ഒരു സ്ഥലം പെന്തെക്കോസ്തുപോലെ മറ്റൊരു സ്ഥലം ഇല്ലതന്നെ.

ചർച്ച് ഓഫ് ഗോഡിന്റെ ഭരണമാറ്റവുമായി ബന്ധപ്പെട്ട് ജേണൽ നടത്തിയ രണ്ട് അഭിപ്രായ സർവ്വേകളും അതുപോലെ തന്നെ നടന്നു എന്നത് ജേണലിന്റെ വിശ്വാസ്യത വർദ്ധിപ്പിച്ചു. അതിൽ ഇപ്പോഴത്തെ ഓവർസിയറായ പാസ്റ്റർ സി. സി. തോമസ് വൻഭൂരിപക്ഷത്തോടെ വിജയിക്കും എന്ന് മൂന്നുവർഷം മുമ്പ് ജേണൽ സർവ്വേയിലെ പ്രവചനം അക്ഷരംപ്രതി ശരിയായപ്പോൾ അന്ന് സംശയം പ്രകടിപ്പിച്ചവർക്കും അത്ഭുതമായി (ഐ. പി. സി. ഭരണമാറ്റവും രണ്ട് ടേം മുമ്പ് ജേണൽ നിരീക്ഷണംപോലെ സംഭവിച്ചിരുന്നു. എന്നാൽ അമിതമായ രാഷ്ട്രീയ അതിപ്രസരം മൂലം ഇപ്പോൾ ഐ. പി. സി. തെരഞ്ഞെടുപ്പിൽ നിഷ്പക്ഷ നിലപാടാണ് ജേണൽ ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്).

മുളക്കുഴയിലും കുമ്പനാട്ടും നിൽക്കുമ്പോൾ എനിക്ക് രസകരമായ ചില കാഴ്ചകൾ കാണുവാൻ കഴിയാറുണ്ട്. അത് അധികാര സ്ഥാനത്തിരിക്കുന്നവരെ പ്രീതിപ്പെടുത്തുവാൻ വേണ്ടി ചിലർ നടത്തുന്ന പ്രകടനങ്ങളാണ്. തെരഞ്ഞെടുപ്പിൽ അദ്ദേഹം നൽകിയ സംഭാവനകളും കഷ്ടപ്പാടുകളുമൊക്കെ എണ്ണിയെണ്ണി വിവരിക്കുന്ന രംഗം കാണേണ്ടതുതന്നെയാണ് (യഥാർത്ഥത്തിൽ എതിർസ്ഥാനാർത്ഥിക്കുവേണ്ടിയാണ് കക്ഷി കഷ്ടപ്പെട്ടത്). ഇത്തരം പ്രകടനങ്ങൾ അതിർ വിടുമ്പോൾ സർക്കസിലെ കോമാളികളെയാണ് ഓർമ്മ വരുന്നത്. ഏതുവിധേനയും സ്ഥാനമാനങ്ങളും നല്ല സഭകളുമൊക്കെ നേടിയെടുക്കുവാൻ ഓന്തിനേക്കാൾ വേഗത്തിൽ നിറം മാറുന്ന ഇക്കൂട്ടർ എനിക്ക് എപ്പോഴും അത്ഭുതമാണ്. കാരണം ഇവരുടെ മെയ്വഴക്കം അത്രയ്ക്കും കേമമാണ്.

കഴിഞ്ഞ ലക്കത്തിൽ ആഭരണവിഷയത്തെപ്പറ്റി ഞാൻ എഴുതിയ കുറിപ്പിനെ അനുകൂലിച്ചും വിയോജിച്ചും പലരും എന്നെ വിളിച്ചു. ആഭരണവർജ്ജനം ഒരു ഉപദേശം എന്ന നിലയിൽ കാണുവാൻ എനിക്ക് ഇതുവരെയും കഴിഞ്ഞിട്ടില്ല. മറിച്ച് നല്ല ഒരു മാതൃകയായിട്ടാണ് തോന്നിയിട്ടുള്ളത്. എന്റെ കുറിപ്പിനോട് വിയോജിച്ചവരോട് സ്നേഹത്തോടെ പറയട്ടെ ഇരുപത്തിയ്യായിരവും അമ്പതിനായിരവും ഒക്കെ മുടക്കി ആഢംബരവേഷം ധരിക്കുന്നതും ആഢംബര വാഹനവും ആഢംബര വീടും ഉപയോഗിക്കുന്നത് ആഭരണവർജ്ജനം പറയുന്നവർ വർജ്ജിക്കണം. അപ്പോഴേ പറയുന്ന ഉപദേശം പൊതുജനത്തിന് ബോധ്യമാകു.

എല്ലാവർക്കും നന്മയുടെയും അനുഗ്രഹത്തിന്റെയും നവവത്സര ആശംസകൾ...

## വേദ പഠനം

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

-തുടർച്ച-

തിമൊഥെയൊസ്



എഡിസൺ തോമസ്
വേങ്ങൂർ, 9961336353



ഒന്നു തിമൊഥെയൊസ് നാലാം അദ്ധ്യായത്തിലെ പതിനാലാം വാക്യത്തിൽ മൂപ്പന്മാരുടെ കൈവെപ്പോടുകൂടെ, അപ്പോൾ കൈവെപ്പ് എന്നാൽ എന്ത്? ഒരു പ്രത്യേക അധികാരവും അംഗീകാരവും ഉള്ളവർ ഉദ്ദേശിക്കുന്ന വ്യക്തിയുടെ തലയിൽ കൈവെച്ച് വേർതിരിക്കുക എന്നാണ് ആ പദം കൊണ്ട് ഉദ്ദേശിക്കുന്നത്. പഴയനിയമകാലത്ത് പുരോഹിതന്മാരെയും രാജാക്കന്മാരെയും പ്രവാചകന്മാരെയും അപ്രകാരം തലയിൽ എണ്ണയൊഴിച്ച് ഒരു പ്രത്യേക ദൗത്യത്തിനായി അല്ലെങ്കിൽ ശുശ്രൂഷയ്ക്കായി വേർതിരിക്കുമായിരുന്നു സംഖ്യാ:27:18,23, ലേവ്യാ:16:2, ഉല്പ:48:14,20.

എന്നാൽ ഇന്ന് കൈവെപ്പ് സർവ്വസാധാരണമായിക്കൊണ്ടിരിക്കുകയാണ്, ഇവിടെ സഭയിലെ മൂപ്പന്മാർ തിമൊഥെയൊസിനു കൈവെപ്പ് നൽകിയത് ഒരു പ്രത്യേക സ്ഥാനത്തിനോ, അധികാരത്തിനോ അല്ലായിരുന്നു. മറിച്ച് അംഗീകരിക്കുന്നുവെന്ന് കാണിക്കാനാണ്. കൂടാതെ കൈവെപ്പിനാൽ മറ്റുള്ളവർക്കു കൃപാവരങ്ങൾ പകർന്നു കൊടുക്കുവാൻ അപ്പോസ്തലന്മാർക്കു കഴിഞ്ഞു. 1തിമൊ:4:14, 2തിമൊ:1:6. അനന്യാസ് കൈവെച്ചപ്പോൾ ശൗലിനു കാഴ്ച ലഭിച്ചു അ.പ്രവ:9:17. പൗലോസ് കൈവെച്ചപ്പോൾ എഫെസൊസിലെ ശിഷ്യന്മാരുടെമേൽ പരിശുദ്ധാത്മാവ് വന്നു അ.പ്രവ:19:6. ബർന്നബാസിനെയും ശൗലിനെയും അന്ത്യോക്യസഭയിലെ മൂപ്പന്മാർ കരങ്ങൾ വെച്ച് ശുശ്രൂഷയ്ക്കായി വേർതിരിച്ചതായി പ്രവർത്തിയുടെ പുസ്തകം പതിമൂന്നാം അദ്ധ്യായത്തിൽ വായിക്കുന്നു.

പുതിയ നിയമത്തിൽ കൈകൾ വച്ചതായി വായിക്കുന്ന വേദഭാഗങ്ങളും അത് എന്തിനായിരുന്നുയെന്നുള്ളത് താഴെ പറയുന്ന വാക്യങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാകും.

1. അനുഗ്രഹത്തിനായി, മത്താ: 19:13-15, മാർക്കൊ:10:16
2. രോഗസൗഖ്യത്തിനായി, മാർക്കൊ:5:23, 6:5, ലൂക്കോ: 4:40, 13:13
3. പരിശുദ്ധാത്മാവ് പകർന്നു കൊടുക്കാനായി, അ.പ്രവ:8:17-19, 9:17, 19:6
4. ഒരു പ്രത്യേക ശുശ്രൂഷയ്ക്കായും കൃപാവരദാനത്തിനായും, അ.പ്രവ:6:6, 13:3, 1തിമൊ:1:6.

പൗലോസ് തിമൊഥെയൊസിനെ ഓർമ്മിപ്പിക്കുകയാണ് മൂപ്പന്മാരുടെ കൈവെപ്പോടുകൂടെ പ്രവചനത്താൽ ലഭിച്ച കൃപാവരം ഉപേക്ഷയായി വിചാരിക്കരുത്. ദൈവം ഒരു വ്യക്തിയെ ഒരു പ്രത്യേക ശുശ്രൂഷയ്ക്കായും ചുമതലയ്ക്കായും വിളിക്കുമ്പോൾ അതിനാവശ്യമായ കൃപയും ശക്തിയും നൽകും. ശുശ്രൂഷകന്റെ ജീവിതത്തിൽ കുറവായിരിക്കുന്നത് പൂരിപ്പിക്കുന്നത് പരിശുദ്ധാത്മാവിനാൽ നൽകപ്പെടുന്ന കൃപാവരത്താലാണ്. കൃപാവരം എന്നത് പുതിയനിയമ സഭയ്ക്കു ദൈവം ദാനമായി നൽകിയ പൊതുകഴിവുകളാണ്. അവ സഭയുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും വേണ്ടിയാണ്. കൃപാവരങ്ങൾ അനവധിയാണ്. റോമർ പത്രണ്ടാം അദ്ധ്യായത്തിലും ഒന്നു കൊരിന്ത്യാലേഖനത്തിലും ഇവ രേഖപ്പെടുത്തിയിട്ടുണ്ട് (റോമ:12, 1കൊരി:12, 14, പത്രോസ്4:10) പൗലോസ് പറയുന്നത് മൂപ്പന്മാരുടെ കൈവെപ്പിനാൽ ലഭിച്ച കൃപാവരങ്ങളാളി പഠിപ്പിക്കുന്നു കൃപാവരം, തെറ്റുകളെ തിരിച്ചറിയുവാനുള്ള കൃപാവരം സഭാ പരിപാലത്തിനുള്ള കൃപാവരം, ആത്മീകപക്വത ഇതെല്ലാം മൂപ്പന്മാരുടെ കൈവെപ്പിനാൽ ലഭിച്ചതാണ്. അതുകൊണ്ട് അവയെല്ലാം ഉപയോഗിക്കുകയും പ്രവർത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്യണം 1കൊരി:12:28 ഒരിക്കൽ ലഭിച്ച കൃപാവരങ്ങളെ ഉപേക്ഷയായി വിചാരിക്കരുത്.. ഒരു വ്യക്തിയെ സഭാ ശുശ്രൂഷകനായി നിയോഗിക്കുന്നത് കൈവെച്ചാണ്. ഒരാളിന്റെ മേൽ ദൈവാനുഗ്രഹം പകരുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയാണ് കൈവെപ്പിൽ കൂടി ചെയ്യുന്നത് എന്നാണ് വിശുദ്ധ ആഗസ്തീനോസ് പറയുന്നത്. ദൈവവിളിയും പരിശുദ്ധാത്മനിയോഗവും ലഭിച്ചുവെന്നു ദൈവസഭയ്ക്ക് ബോധ്യമുള്ള വ്യക്തികളെ പൊതു അംഗീകാരത്തോടുകൂടി ശുശ്രൂഷയ്ക്ക് നിയോഗിച്ചിരുന്നതിന്റെ ലക്ഷണമായിരുന്നു കൈവെപ്പ് കൂടാതെ പൊതു അംഗീകാരത്തിന്റെ അടയാളം കൂടിയായിരുന്നു അത്.

ഒടുവിലായി പൗലോസ് കൊടുക്കുന്ന നിയോഗവും നിർദ്ദേശവും നിന്നെത്തന്നേയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക, ഇതിൽ ഉറച്ചുനിൽക്ക. അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും. ശുശ്രൂഷയും ഉപദേശവും മാത്രം സൂക്ഷിച്ചാൽ പോരാ, തന്നെ താൻ സൂക്ഷിക്കുന്ന ചുമതലയും ഒരു സഭാ ശുശ്രൂഷകനുണ്ട്. അനുഭവമില്ലാത്ത പ്രസംഗവും പ്രഭാഷണവും നിരർത്ഥകമാണ്, എന്തു പഠിപ്പിക്കുന്നുവോ അത് സ്വജീവിതത്തിൽ മറ്റുള്ളവർക്കു ദർശിക്കുവാൻ കഴിയണം. പൗലോസ് ആഹ്വാനം ചെയ്യുന്നതിൽ ഒരു നല്ല ദാസൻ തന്റെ യജമാനൻ പറയുന്നത് വളരെ ശ്രദ്ധയോടെ കേൾക്കുന്നതുപോലെ തിമൊഥെയൊസേ നീയും കേൾക്കുക. ഒരു ദാസൻ വ്യക്തിപരമായ വിശുദ്ധിക്കും പൊതുവായിട്ടുള്ള ഉപദേശത്തിനു വളരെ ഉപകരിക്കും. തന്റെ പ്രവർത്തനത്തെയും പ്രസംഗത്തെയും കേൾക്കുന്നവരെയും രക്ഷിക്കും. രക്ഷിക്കുക എന്നാൽ വിടുതൽ നൽകുക, വിമോചനം നൽകുക എന്നൊക്കെയാണ് അപ്പോൾ കർത്താവിന്റെ വേലയിലൂടെ അനേകർക്കു വിടുതലും വിമോചനവും നൽകുക എന്നതാണ് ഉദ്ദേശിക്കുന്നത്. (തുടരും)

# ഐ. പി. സി. പത്തനംതിട്ട വജ്രജൂബിലി കൺവൻഷൻ



പാസ്റ്റർ വിൽസൺ ജോസഫ്

**പത്തനംതിട്ട:** ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭ പത്തനംതിട്ട സെന്റർ വജ്രജൂബിലി കൺവൻഷൻ 2017 ജനുവരി 11 ബുധൻ മുതൽ 15 ഞായർ വരെ പത്തനംതിട്ട പുത്തൻപീടിക വിളവിനാൽ ബഥേൽ ഗ്രൗണ്ടിൽ വച്ചു നടത്തപ്പെടുന്നു. ഐ.പി.സി ജനറൽ വൈസ് പ്രസിഡന്റും സെന്റർ ശുശ്രൂഷകനുമായ പാസ്റ്റർ വിത്സൻ ജോസഫ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. തുടർന്നുള്ള ദിനങ്ങളിൽ പാസ്റ്റർമാരായ വർഗ്ഗീസ് എബ്രഹാം, കെ. ജെ. തോമസ്, രാജു പൂവക്കാല, ബാബു ചെറിയാൻ, രവി മണി എന്നിവർ പ്രസംഗിക്കും. 12 വ്യാഴം പകൽ പാസ്റ്റർ ജോയി മുഖ്യാഥിതി ആയിരിക്കും. ശനി വൈകുന്നേരം 5. 30ന് നടക്കുന്ന സാംസ്ക്കാരിക സമ്മേളനത്തിൽ 60 പേർക്ക് വിദ്യാഭ്യാസ സഹായം, വിധവാസഹായം, തയ്യൽ മെഷിൻ എന്നിവയുടെ വിതരണ ഉദ്ഘാടനം ആന്റോ ആന്റണി, എം.പി. വീണാ ജോർജ് എം.എൽ.എ, അഡ്വ: അടൂർ പ്രകാശ് എം.എൽ.എ., മുൻസിപ്പൽ ചെയർപേഴ്സൺ രജനി പ്രദീപ് എന്നിവർ നിർവ്വഹിക്കും. ഞായറാഴ്ച നടക്കുന്ന സംയുക്ത സഭായോഗത്തിൽ കർത്തൃമേശയ്ക്ക് പാസ്റ്റർ വിത്സൻ ജോസഫ് നേതൃത്വം നൽകും.

## ചോദ്യോത്തരവേദി

# ശിശുക്കൾ ജനിക്കുന്നത് ജന്മപാപം ഇല്ലാതെയോ?

**ചോദ്യം:** യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തോടുകൂടി ജന്മപാപം ഇല്ലാതെയാണ് ലോകത്തിലുള്ള സകല ശിശുക്കളും ജനിക്കുന്നതെന്ന് ഐ. പി. സി.യിലെ സമുന്നത നേതാവായ ഡോ. കെ. സി. ജോൺ തന്റെ പുസ്തകമായ 'നീതികരണ'ത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വ്യാഖ്യാനം സംബന്ധിച്ച് താങ്കളുടെ വിശദീകരണം അറിയാൻ താല്പര്യമുണ്ട്. ശിശുക്കളുടെ രക്ഷയെക്കുറിച്ചും അറിയിക്കുക.

**– ബിനു മത്തായി, മാവേലിക്കര**



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ഉത്തരം:** മനുഷ്യർ ജനിക്കുന്നത് പാപിയായിട്ടാണെന്ന് (ജന്മപാപത്തോട്കൂടി) വിശ്വസിക്കുന്നവരാണ് ഭൂരിപക്ഷം ക്രിസ്ത്യാനികളും. എന്നാൽ യേശുവിന്റെ ക്രൂശുമരണത്തോടുകൂടി ജന്മപാപം ഇല്ലാതായെന്ന് വിശ്വസിക്കുന്നവരുമുണ്ട്. അതിൽ ഡോ. കെ. സി. ജോണും ഉൾപ്പെടുന്നു.

കത്തോലിക്കർ കുർബ്ബാനയിൽ അപ്പവും വീഞ്ഞും യഥാർത്ഥമായ യേശുവിന്റെ മാംസവും രക്തവുമായി മാറുന്നുവെന്ന് വിശ്വസിക്കുന്നു. എന്നാൽ ഏത് പരീക്ഷണശാലയിൽ കൊണ്ടുപോയി പരിശോധിപ്പിച്ചാലും അത് ഗോതമ്പപ്പവും മുന്തിരിയിൽ നിന്ന് നിർമ്മിച്ച വീഞ്ഞുമാണെന്ന് നമുക്കെല്ലാം അറിയാം. ഒരു വസ്തുമാറ്റവും സംഭവിക്കുന്നില്ല. എ. ഡി. 1215-ൽ ഇന്നസന്റ് മൂന്നാമൻ മാർപാപ്പ വസ്തുമാറ്റം എല്ലാവരെയും കൊണ്ട് വിശ്വസിപ്പിക്കണമെന്ന് നിർബന്ധം പിടിച്ചു. അങ്ങനെ അത് വിശ്വാസസത്യമായി പ്രഖ്യാപിച്ചു. ഇപ്പോൾ കത്തോലിക്കരെല്ലാം അത് അന്ധമായി വിശ്വസിക്കുന്നു. അത് വിശ്വസിച്ചില്ലെങ്കിൽ ശാപഗ്രസ്ഥനാകും പോലും!

"ഒരു മനുഷ്യനിലൂടെ ലോകത്തിൽ പാപമുണ്ടായി; പാപത്തിലൂടെ മരണവും" (റോമർ 5:12). പാപം മൂലം ഭയവും ലജ്ജയും മനുഷ്യനെ ബാധിച്ചു. തേജസ് നഷ്ടപ്പെട്ടവൻ നഗ്നനായി. അത് തലമുറകളിലേക്കും ബാധിച്ചു. ഇന്നും ജനിക്കുന്ന കുഞ്ഞുങ്ങൾ നഗ്നരും ഭയത്തിനടിമകളുമാകുന്നതു ആദി മാതാപിതാക്കളുടെ പാപം മുഖാന്തരമാണ്. **ക്രിസ്തുവിന്റെ ക്രൂശുമരണം മുഖാന്തരം ജന്മപാപത്തിന് നീക്കം വന്നുവെന്ന് വിശ്വസിക്കുന്നവരുടെ കുഞ്ഞുങ്ങളും പിറക്കുന്നതു തേജസ് നഷ്ടപ്പെട്ട് നഗ്നരായ അവസ്ഥയിൽ തന്നെയാണ്.** അവരുടെ കുഞ്ഞുങ്ങൾ ജനിക്കുന്നത് ഏതുനിമിഷവും മരണത്തിനു വിധേയമാകാവുന്ന അവസ്ഥയിലാണ്. മനുഷ്യനിൽ ജന്മപാപം അവശേഷിപ്പിക്കാതെവണ്ണം പാപം പരിഹരിക്കപ്പെട്ടെങ്കിൽ പിന്നെന്തുകൊണ്ടാണ് രോഗദുഃഖാദി കഷ്ടങ്ങളാൽ ശിശുക്കൾ വലയുവാൻ ദൈവം അനുവദിക്കുന്നത്? ആദാം ചെയ്ത പാപം മുഖാന്തരമാണല്ലോ കഷ്ടവും ദുരിതവും ലോകത്തിലേക്ക് പ്രവേശിച്ചത് (ഉല്പത്തി 3:17-19). പാപത്തിന്റെ ശമ്പളമായി മനുഷ്യരിൽ വ്യാപരിച്ച മരണം കൂടപ്പിറപ്പായി അവരുടെ ഭവനങ്ങളിലും വാഴുന്നതെന്തുകൊണ്ട്? പിറക്കും മുമ്പേ കുഞ്ഞുങ്ങൾ മരണമടയുന്നത് എന്തുകൊണ്ട്? എന്തുകൊണ്ട് പ്രകൃതിക്ക് അതിന്റെ വീണ്ടെടുപ്പ് സാദ്ധ്യമായില്ല? "സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി പ്രസവവേദനയോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ", എന്നു പറയുന്നതിലെ അർത്ഥമെന്ത് (റോമർ 8:23). അതുകൊണ്ട് ഇപ്പോൾ ജനിക്കുന്ന എല്ലാ ശിശുക്കളും ആദാമിന്റെ പാപപ്രകൃതിയോടുതന്നെയാണ് ജനിക്കുന്നത്. മറിച്ച് ചിന്തിക്കുന്നവർ കത്തോലിക്കർ കുർബ്ബാനയിൽ വസ്തുമാറ്റം സംഭവിച്ചു എന്നു വിശ്വസിച്ചിരിക്കുന്നതുപോലെ വെറുതെ ആശ്വസിക്കാമെന്നേയുള്ളൂ. പുതിയ ആകാശവും പുതിയ ഭൂമിയും വെളിപ്പെടുന്നതുവരെ പാപപ്രകൃതിയോടുകൂടിയേ ശിശുക്കൾ ജനിക്കൂ. വെളിപ്പാടു പുസ്തകം ഭാവികാലം ഇപ്രകാരം വെളിപ്പെടുത്തുന്നു:"ഇനി മരണം ഉണ്ടാകുകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകുകയില്ല; ഒന്നാമത്തേത് കഴിഞ്ഞുപോയി" (വെളിപ്പാട് 21:5).

പാപപ്രകൃതിയോട് കൂടി ജനിച്ച ഏതൊരുവനെയും ദൈവം നീതികരിക്കുന്നത് എങ്ങനെയാണെന്ന് ഒരു ബാലന് മനസ്സിലാക്കാം. എന്നാൽ ഒരു ശിശുവിന് ഒരിക്കലും മനസ്സിലാവില്ല. ലോത്തിനെ സന്ദർശിക്കാൻ വന്ന രണ്ടു ദൂതന്മാരെ അവഹേളിക്കുവാൻ **ബാലന്മാർ മുതൽ വൃദ്ധന്മാർ** വരെ ലോത്തിന്റെ വീടിന് മുമ്പിൽ കൂട്ടംകൂടിയതുപോലെ തന്നെ (ഉല്പത്തി 19:4), 'മരിച്ചുപോയ **ബാലന്മാർ മുതൽ വൃദ്ധന്മാർ** വരെ ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിൽ ന്യായമായ വിധിക്കു നിൽക്കുന്നതു കണ്ടതുപോലെതന്നെ (വെളിപ്പാട് 20:12-13), ദൈവീക കാര്യങ്ങൾ ഗ്രഹിക്കാനുള്ള ശേഷി വരുമ്പോൾ മുതലാണ് ഒരു വ്യക്തിയുടെ ഉത്തരവാദിത്വം തുടങ്ങുന്നത്. തിരുവെഴുത്തു ഇപ്രകാരം രേഖപ്പെടുത്തുന്നു: 'ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിന്നെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകൾ **നീ ബാല്യം മുതൽ** മനസ്സിലാക്കിയിരിക്കുന്നുവല്ലോ' (2 തിമൊ. 3:15). വിശ്വാസത്തിലൂടെയാണ് ദൈവത്തിന്റെ നീതികരണം നമുക്കു ലഭിച്ചു എന്നു മനസ്സിലാകുന്നത്. 'അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം ലഭിക്കും എന്നു സകലപ്രവാചകന്മാരും സാക്ഷ്യം പറയുന്നു (അപ്പൊ. പ്ര.10:43). "....വിശ്വസിക്കുന്ന ഏവനും ഇവനാൽ നീതികരിക്കപ്പെടുന്നു എന്നും നിങ്ങൾ അറിഞ്ഞുകൊൾവീൻ" (അപ്പൊ. പ്രവ.13:38-39). ദൈവം നീതികരിച്ചത് ദൈവകൃപയാലും (റോമർ 3:24), ക്രിസ്തുവിന്റെ രക്തത്താലും (റോമർ 3:25), ദൈവത്തിന്റെ ആത്മാവിനാലുമാണെന്ന് (1കൊരി. 6:11) വിശ്വാസത്താൽ (റോമർ 3:28) നമുക്ക് മനസ്സിലാകുന്നു. അതോടുകൂടി ദൈവശിക്ഷയിൽ നിന്നുള്ള വിടുതൽ (റോമർ 8:1), ദൈവത്തോടു സമാധാനം (റോമർ 5:1), നിത്യജീവന്റെ അവകാശം (തീത്തോസ് 3:6), കോപത്തിൽ നിന്നുള്ള രക്ഷ (റോമർ 5:9), ഭാവിയിലെ തേജസ്കരണത്തിന്റെ ഉറപ്പ് (റോമർ 8:30) ഇവ സാദ്ധ്യമായി എന്നും മനസ്സിലാകുന്നു.

പുതിയനിയമ വീക്ഷണത്തിൽ, പാപപ്രകൃതിയോടുകൂടി ജനിച്ച വ്യക്തി വിശ്വാസത്താൽ ക്രിസ്തുവിനോടു ചേരുമ്പോൾ, നീതിമാനാണെന്നു **വചനം** വിധിപ്രഖ്യാപനം നടത്തുന്ന പ്രക്രീയയാണ് നീതികരണമെന്നത്. "വിശ്വാസത്താൽ നീതികരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്ക് ദൈവത്തോടു സമാധാനം ഉണ്ട് (റോമർ 5:1).

സ്ത്രീപുരുഷബന്ധത്തിൽ ഒരു ശിശു ജനിക്കുന്നത് ശിശുവിന്റെ സമ്മതത്തോടുകൂടിയല്ല. തന്റെ സമ്മതമില്ലാതെ ജനിച്ച ശിശു പിന്നീട് വളർന്ന് ആരായിത്തീർന്നാലും പിതൃത്വവും മാതൃത്വവും മാറ്റാനൊക്കുകയില്ല. എന്നാൽ ഒരാൾ യേശുവിനെ കർത്താവായി സ്വീകരിക്കുന്നത് ഗ്രഹിക്കാൻ പ്രായമായശേഷം അവന്റെ പൂർണ്ണസമ്മതപ്രകാരമാണ്. അതായത് വിശ്വസിക്കാൻ പ്രാപ്തി വന്നവരാണ് വിശ്വാസം പ്രഖ്യാപിച്ച് രക്ഷിക്കപ്പെടുന്നവർ. വിശ്വാസം പ്രഖ്യാപിക്കാൻ പ്രാപ്തി ഇല്ലാത്തവരാണ് ശിശുക്കളും മന്ദബുദ്ധികളും. മത്തായി 19:13,14-ൽ ശിശുക്കളെക്കുറിച്ചുള്ള ദൈവീക നിലപാട് വ്യക്തമാക്കുന്നു. "യേശു കൈവച്ച് പ്രാർത്ഥിക്കേണ്ടതിനു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു; എന്നാൽ ശിഷ്യന്മാർ അവരെ വിലക്കി. യേശുവോ: "ശിശുക്കളെ എന്റെ അടുക്കൽ വരുവാനായി വിടുവിൻ; അവരെ തടയരുതു: സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതാകുന്നു".

ഈജിപ്റ്റിലെ ചക്രവർത്തിയായിരുന്ന ഫറവോനോടു സംസാരിക്കാൻ തന്റെ **വിക്ക്** തടസ്സമാണെന്ന് മോശെ ദൈവത്തോട് പറഞ്ഞപ്പോൾ കർത്താവ് ഇപ്രകാരം അരുളിച്ചെയ്തു: "മനുഷ്യന് വായ് ഉണ്ടാക്കിയവൻ ആര്? ഊമനെയും ചെകിടനെയും കാഴ്ചയുള്ളവനെയും കാഴ്ചയില്ലാത്തവനെയും സൃഷ്ടിച്ചവൻ ആര്? യഹോവയായ ഞാൻ അല്ലയോ?" (പുറപ്പാട് 4:11). വിശ്വാസം മനസ്സിലാക്കാനും പ്രഖ്യാപിക്കുവാനും പ്രാപ്തിയില്ലാത്ത ശിശുക്കളുടെയും മന്ദബുദ്ധികളുടെയും രക്ഷയെ സംബന്ധിച്ച ദൈവീക നിലപാട് മേലുദ്ധരിച്ച രണ്ടു വചനങ്ങളിലുമുണ്ട്. ന്യായപ്രമാണവും സുവിശേഷവും കേട്ടിട്ടില്ലാത്തവരുടെ ന്യായമായ വിധി അവരുടെ മനസ്സാക്ഷിക്കനുസരിച്ചായിരിക്കുമല്ലോ (റോമർ 2:15-16).

# പിസിഎൻഎകെ 2017 പ്രൊമോഷണൽ മീറ്റിംഗ് ആരംഭിച്ചു



**ഒഹായോ:** അമേ രിക്കയിൽ ഒഹായോ സ്റ്റേറ്റിൽ കൊളംബസ് പട്ടണത്തിൽ 2017 ജൂൺ 29 മുതൽ ജൂലൈ 2 വരെ നടത്തുവാൻ തീരുമാനി ച്ചിരിക്കുന്ന മുപ്പത്തിയഞ്ചാമത് പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളൈറ്റ്സ്സിന്റെ പ്രഥമ പ്രഖ്യാപനയോഗം ലോങ്ങ് ഐലൻഡിൽ എല്മോണ്ടിലുള്ള ഫസ്റ്റ് ചർച്ച് ഓഫ് ഗോഡ് ഓഡിറ്റോറിയത്തിൽ നവംബർ 27-നു കോൺഫറൻസ് പ്രതിനിധിയായ പാസ്റ്റർ ഏബ്രഹാം ഈപ്പന്റെ അധ്യ ക്ഷതയിൽ നടത്തപ്പെട്ടു.

നിരവധിയാളുകൾ പങ്കെടുത്ത ഈ ആത്മീയ സംഗമത്തിൽ ഭാരവാഹികൾ കോൺഫറൻസിന്റെ നടത്തിപ്പിനെ കുറിച്ചുള്ള വിവരണങ്ങൾ നൽകി. കോൺഫറൻസിൽ വലിയ ഉണർവ് ഉണ്ടാകുമെന്ന് കൺവീനർ പാസ്റ്റർ ടോമി ജോസഫും, കഴിഞ്ഞ കാലങ്ങളിലാ യിട്ടുള്ള അപാകതകളോ അപര്യാപ്തതകളോ ഉണ്ടാകാതെ പ്രത്യേകം ശ്രദ്ധിച്ചു കടന്നു വ രുന്നവർക്ക് എല്ലാത്തരത്തിലും സന്തോഷവും, ഉന്മേഷവും ഉളവാകും വിധത്തിൽ വളരെ പ്രാർത്ഥനയോടുകൂടിയാണ് ക്രമീകരണങ്ങൾ ചെയ്യുന്നത് സെക്രട്ടറി ജെയിംസ് ഏബ്രഹാമും, ആയതുപോലെ മുന്നമേ രജിസ്റ്റർ ചെയ്യുന്നവർക്ക് പലരീതിയിലുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്നും അത് ഏവരും പ്രയോജനപെടുത്തി കോൺഫറൻസ് വിജയിപ്പിക്കണമെന്ന് ട്രഷറാർ സാക് ചെറിയാനും അഭ്യർത്ഥിച്ചു. യുവജനങ്ങൾക്കായി പല പ്രത്യേക പരിപാടികളും ഉണർവ് യോഗങ്ങളും, സംഗീത ശുശ്രൂഷയും ക്രമീകരിച്ചിട്ടുണ്ട് യൂത്ത് കോർഡിനേറ്റർ ജോഷിൻ ഡാനിയേലും പറയുകയുായി.

കോൺഫറൻസിന്റെ മൊബൈൽ ആപ്പിളിക്കേഷന്റെയും, ചർച്ച് സ്പോൺസർഷിപ്പിന്റെയും, ജനറൽ സ്പോൺസർഷിപ്പിന്റെയും, രജിസ്ട്രേഷന്റെയും ഉത്ഘാടനം പാസ്റ്റർമാരായ വിത്സൺ ജോസ്, ജേക്കബ് ജോർജ്ജ്, ജോൺ തോമസ് എന്നിവർ നിർവഹിച്ചു. പാസ്റ്റർ വിത്സൺ വർക്കി ദൈവവചനം പ്രസംഗിച്ചു. ഇവാഞ്ചലിസ്റ്റ് എബിയുടെയും, ബ്രദർ സോണിയുടെയും നേതൃത്വത്തിൽ ഗാനശുശ്രൂഷയും നടത്തപ്പെട്ടു.

"കുഞ്ഞാടേ നീ യോഗ്യൻ" എന്നതാണ് ഈ കോൺഫറൻസിന്റെ ചിന്താവിഷയം. പിസിഎൻഎകെ2017. ഓർഗ് എന്ന വെബ്സൈറ്റിൽ നിന്നും കൂടുതൽ വിവരങ്ങളും, രജിസ്ട്രേഷൻ സംവിധാനങ്ങളും ലഭ്യമാണ്.

## 01 ചർച്ച് ഓഫ് ഗോഡ് കേരളാ....

ടെ ഗ്രാജുവേഷൻ വെള്ളിയാഴ്ച രാവിലെ 9 -ന് നടക്കും.

കാത്തിരിപ്പ് യോഗം, ബൈബിൾ ക്ലാസ്സ്, വിവിധ ബോർഡുകളുടെ സംയുക്ത മീറ്റിംഗ് എന്നിവയും നടക്കും. ശനിയാഴ്ച രാവിലെ സ്നാനശുശ്രൂഷ ഉണ്ടായിരിക്കും. ഞായറാഴ്ച രാവിലെ 8 മുതൽ നടക്കുന്ന സംയുക്ത ആരാധനയോടും കർത്തൃമേശയോടുംകൂടി കൺവൻഷൻ സമാപിക്കും.

**Pls Visit Us**
*Website*
www. beljourn.com
*E-mail*
beljourn@gmail.com

## 02 യുവജന പംക്തി......

തുശിഷ്യനും സുവിശേഷകരായി മാറണം. വ്യക്തിഗത സുവിശേഷീകരണത്തിന് പ്രാധാന്യം നൽകുക. ദൈവീക പ്രവർത്തനത്തിനായി പണവും സമയവും മാറ്റിവെയ്ക്കുക. കർത്താവിന്റെ വേലയ്ക്കായി നാം ചിലവഴിക്കുന്ന സമയം യഥാർത്ഥത്തിൽ ഒരു നിക്ഷേപമാണ്. "He who lays up treasures in heaven looks forward to eternity" എന്നതു ശ്രദ്ധേയമാണ്. നിത്യതയിൽ നിക്ഷേപിക്കുന്നവർ നിത്യതയ്ക്കായി കാത്തിരിക്കും. ജോലിമേഖലയിലും പഠനമേഖലയിലും സുവിശേഷം പങ്കിടുവാൻ ഉത്സാഹിക്കുക. തർക്കങ്ങളും വാഗ്വാദങ്ങളും ഒഴിവാക്കുക.

**8) അതിരുവിട്ട വിമർശനങ്ങളും മുഖമൂടികളും ഒഴിവാക്കുക**

അനാരോഗ്യകരമായ വിമർശനങ്ങൾ ഒഴിവാക്കുക. ആത്മീകതയുടെ പേരിലുള്ള കപടവേഷങ്ങളും മുഖംമൂടികളും അഴിച്ചുമാറ്റുക. ഇന്ന് പലരും വിമർശനം മാത്രം മുഖമുദ്രയാക്കി സുവിശേഷവേല ചെയ്യുന്നവരുണ്ട്. "വിധിക്കപ്പെടാതിരിക്കുവാൻ വിധിക്കരുത്" എന്ന് കർത്താവ് നമ്മെ ഓർപ്പിക്കുന്നു; "നിങ്ങളിൽ പാപം ഇല്ലാത്തവർ കല്ല് എറിയട്ടെ" എന്ന യേശുപറഞ്ഞതുപോലെ സ്വയം കുറ്റം വിധിക്കുവാനും വിമർശിക്കുവാനും ആരംഭിക്കുക. പിന്നീടാകട്ടെ മറ്റുള്ളവരുടെ നേർക്ക് കല്ലുകൾ വലിച്ചെറിയുന്നത്. വ്യക്തിജീവിതം ക്രിസ്തു കേന്ദ്രീകൃതമാകട്ടെ. ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യം, വിശ്വസ്തരായ ചിലരെയാണ്. യൗവനക്കാരിലും മുതിർന്നവരിലും വിശ്വസ്തരായ ചിലരെ ദൈവം നോക്കുന്നു. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു തലമുറയായി നിലനിൽക്കാം. ഓരോ ദിവസവും നിത്യതയോട് കൂടുതൽ അടുക്കുന്നു എന്ന ബോധ്യത്തോടെ ജീവിക്കുക. നന്മയുടെയും അനുഗ്രഹത്തിന്റെയും ഒരു പുതുവത്സരം ദൈവം നൽകട്ടെ. **(തുടരും...)**

# ആരാധന ആലയ സമർപ്പണം

**ജാർഖണ്ഡ്:** കാൽവറി ഫെലോഷിപ്പിന്റെ പുതുതായി പണികഴിപ്പിച്ച ആരാധന ആലയത്തിന്റെയും ചിൽഡ്രൻസ് ഹോമിന്റെയും പുതിയ കെട്ടിട സമുച്ചയം പ്രസിഡന്റ് പാസ്റ്റർ ജെയിംസ് എബ്രഹാം സമർപ്പിച്ചു. കഴിഞ്ഞ 15 വർഷമായി റാബിച്ചൽ വാടക കെട്ടിടത്തിലാണ് പ്രവർത്തനം നടന്നു വന്നത്. ജനറൽ സെക്രട്ടറി പാസ്റ്റർ കെ. ഇ. മാത്യു, നാഷണൽ ഡയറക്ടർ പാസ്റ്റർ സന്തോഷ്, വിഷൻ കോർഡിനേറ്റർ, പാസ്റ്റർ ജോസഫ് കുട്ടി എന്നിവർ ശുശ്രൂഷിച്ചു. പാസ്റ്റർമാരായ ജോസ് തോമസ്, രാജു തോമസ് എന്നിവർ ഇവിടെ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നു. റാബിച്ചൽ നിന്നും 40കി.മി. ദൂരെയുള്ള കുട്ടി എന്ന ഗ്രാമത്തിലാണ് പുതിയ കേന്ദ്രം പ്രവർത്തിക്കുന്നത്.

# ഒരു സഹനത്തിന്റെ കഥ: അഞ്ജലിയുടെയും


വേദനയിലും പുഞ്ചിരി വിടാതെ കഴുത്തു നേരെയാക്കാൻ തലയോട്ടി കിഴിച്ച് 6 കിലോ ഭാരം ഇട്ട് ഐ. സി. യുവിൽ

**തയ്യാറാക്കിയത്: സാംകുട്ടി മാത്യു**

**2016** ഡിസംബർ 11 മലയാള മനോരമയുടെ സപ്ലിമെന്റിൽ വന്ന കഥയാണ് ഞങ്ങളെ അഞ്ജലിയുടെ ഭവനത്തിൽ എത്തിച്ചത്. വൈദ്യശാസ്ത്രം സാധ്യമല്ല എന്ന് പറഞ്ഞയിടത്ത് ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസവും ആശ്രയവും കൊണ്ട് മരണത്തെ തോല്പിച്ച പെൺകുട്ടിയുടെ കഥ ആരെയും അത്ഭുതപരതന്ത്രരാക്കും. ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ 14-ാം വയസ്സിൽ നൂറു മീറ്റർ ഓട്ടത്തിൽ ആലപ്പുഴ ജില്ലാ ചാമ്പ്യനായിരുന്ന അഞ്ജലി തുടർന്ന് ശരീരം നുറുങ്ങുന്ന വേദനയുമായി ഓടിത്തീർത്തത് ഒരു വ്യാഴവട്ടക്കാലം. വേദനയുടെ ദുരിതം തന്നെ വേട്ടയാടുമ്പോഴും പുഞ്ചിരിയോടെ ആ വേദനകളെ ആശ്ലേഷിച്ച അഞ്ജലി മറിയം മാത്യുവിന്റെ ജീവിതകഥ അവിശ്വസനീയമെന്ന് തോന്നുന്ന നിലയിൽ ഒരു ദൈവീക വിടുതലിന്റെ കഥ കൂടിയാണ്. തന്നിൽ ആശ്രയിക്കുന്നവരെ വിടുവിക്കുന്ന യേശുവിന്റെ സ്നേഹത്തിന്റെ കഥ.


ലേഖകനും പാസ്റ്റർ ഗ്ലാഡ്സൺ വി. കരോട്ടും അഞ്ജലിയോടൊപ്പം

കരുനാഗപ്പള്ളി കൊച്ചുപുരയിൽ മാത്യു തോമസിന്റെയും മാവേലിക്കര ചെറുകോൽ ആറ്റുപുറത്ത് റീനാ മാത്യുവിന്റെയും മക്കളിൽ മൂത്തയാളാണ് അഞ്ജലി. ഈ ദമ്പതികൾക്ക് അശ്വനി, അമൽ എന്നീ രണ്ടുമക്കൾ കൂടിയുണ്ട്. രാഷ്ട്രീയ രംഗത്തും കാർഷിക രംഗത്തുമൊക്കെ സജീവമായിരുന്നു മാത്യു തോമസ്. മിടുക്കിയായ അഞ്ജലി പാഠ്യേതരവിഷയങ്ങളിലും കഴിവ് തെളിയിച്ചു. 2004 തന്റെ ജീവിതത്തെ മാറ്റിമറിച്ച വർഷമാണ്. കൊല്ലത്ത് നടക്കുന്ന ഓട്ടമത്സരത്തിനുവേണ്ടിയുള്ള ഒരുക്കത്തിലായിരുന്നു അഞ്ജലി. എന്നാൽ ഓട്ടത്തിനിടയിൽ ബാലൻസ് ലഭിക്കാതെ ട്രാക്ക് മാറുന്നത് നിത്യസംഭവമായി. ഇത് വൈദ്യന്മാരും ഡോക്ടർമാരുമൊക്കെ നിസാര സംഭവമായി കണ്ട് ചികിത്സ ചെയ്തെങ്കിലും രോഗം ഭേദമായില്ല. കൊല്ലത്തെ ഓട്ടമത്സരത്തിനിടയിലാണ് തന്റെ ജീവിതത്തെ മാറ്റിമറിച്ച നിലയിലേക്ക് കാര്യങ്ങൾ മാറുന്നത്. തന്റെ ട്രാക്കിൽ നിന്ന് മാറി ഒരു വശത്തേക്ക് കുഴഞ്ഞുവീണ അഞ്ജലിയെ അടിയന്തിര ചികിത്സയ്ക്കായി കൊല്ലം ശങ്കേഴ്സ് ആശുപത്രിയിലേക്ക് മാറ്റി. അവിടെ നടത്തിയ പരിശോധനയിലാണ് രോഗത്തിന്റെ ഗുരുതരാവസ്ഥ ബോധ്യമാകുന്നു. നട്ടെല്ലിന്റെ രണ്ട് കണ്ണികൾ പൂർണ്ണമായി ദ്രവിച്ചുപോയിരിക്കുന്നത്. തളർച്ച ശരീരത്തിന്റെ അവയവങ്ങളിലേക്ക് വ്യാപിക്കുന്ന അവസ്ഥയിലാണ്. 8 മണിക്കൂറിനുള്ളിൽ വിദഗ്ദ ചികിത്സ ലഭിച്ചില്ലെങ്കിൽ ശരീരം പൂർണ്ണമായും തളർന്നുപോകുമെന്ന ഡോക്ടറുടെ മുന്നറിയിപ്പ് കുടുംബത്തിന്റെമേൽ നിരാശയുടെ കരിനിഴൽ വീഴ്ത്തി. അമൃത ഹോസ്പിറ്റലിൽ വിദഗ്ദ ചികിത്സയ്ക്കായി പ്രവേശിപ്പിച്ച അഞ്ജലിയുടെ രോഗകാരണം കണ്ടുപിടിക്കുവാനുള്ള ശ്രമത്തിലായിരുന്നു ഡോക്ടർമാർ. ബോൺ ടി.ബി.യോ, ക്യാൻസറോ ആയിരിക്കുവാനാണ് സാധ്യതയെന്ന നിഗമനത്തിൽ ഡോക്ടർമാർ എത്തിച്ചേർന്നു. ബയോപ്സി റിപ്പോർട്ട് ലഭിക്കും മുമ്പ് തന്നെ ശസ്ത്രക്രിയയ്ക്കായി ഡോക്ടർമാർ തയ്യാറായി. ഇതിനിടയിൽ ബോൺ ടി. ബി. അല്ല എന്ന റിപ്പോർട്ട് എത്തി. ശരീരത്തിന്റെ പുറംഭാഗം തുറന്ന് ശസ്ത്രക്രിയ ആരംഭിച്ചു. 9 മണിക്കൂറിലധികം നീണ്ട ആ ശസ്ത്രക്രിയ നടക്കുമ്പോഴാണ് തന്റെ നട്ടെല്ലിൽ ബാധിച്ചിരിക്കുന്ന വലിയ ട്യൂമർ ഡോക്ടർമാരുടെ ശ്രദ്ധയിൽ പെടുന്നത്. ട്യൂമർ പൂർണ്ണമായി നീക്കുവാനുള്ള ശ്രമം പരാജയപ്പെട്ടു. ദ്രവിച്ച നട്ടെല്ലിന്റെ കണ്ണികൾക്കു പകരം ടൈറ്റാനിയം സ്ക്രൂവും ഇംപ്ലാന്റ്സും ഇട്ടു. ട്യൂമറിന്റെ ബയോപ്സിയുടെ റിസൾട്ടിൽ ക്യാൻസർ ആണെന്ന് മനസ്സിലായി. പതിനാലുവയസ്സുകാരിയായ അഞ്ജലിക്ക് ആറുമാസത്തെ ആയുസ്സുമാത്രം വിധിയെഴുതി ഡോക്ടർമാർ നിസ്സഹായരായി നിന്നു. വീണ്ടും ബയോപ്സിക്കായി അയച്ചു. അവിടെ അത്ഭുതം ആരംഭിക്കുകയായി. വിവിധ പ്രാർത്ഥനാ സഹകാരികളെ വിളിച്ച് പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചു. ബയോപ്സി റിപ്പോർട്ടിൽ ക്യാൻസർ ഇല്ല. ഡോക്ടർമാർ അതിനെ വിശ്വസിക്കുവാൻ തയ്യാറായില്ല. അതുകൊണ്ടുതന്നെ വീണ്ടും പുറത്ത് പരിശോധനയ്ക്കായി അയച്ചു. ആ റിസൾട്ടും ക്യാൻസർ ഇല്ലായെന്നു തന്നെ. എന്നാൽ ട്യൂമറിന്റെ ബാക്കി ഭാഗം നീക്കം ചെയ്ക എന്നത് അത്യന്തം അപകടകരമായതിനാൽ ഡോക്ടർമാർ അതിന് തുനിഞ്ഞില്ല. ഒമ്പതാം ക്ലാസ്സിൽ പോകുവാൻ കഴിയാതെ ഇരുന്ന അഞ്ജലിക്ക് പത്താംക്ലാസ്സിലേക്ക് പ്രവേശനം നൽകി. ഇനി ഭയപ്പെടുവാനൊന്നുമില്ലെന്നും സാധാരണ ആളുകളെപ്പോലെ ഏതു ജോലിയും ചെയ്യുന്നതിനും കുഴപ്പമില്ല എന്ന ഡോക്ടറുടെ ഉപദേശം മൂലം വീണ്ടും ദീർഘദൂരം സൈക്കിളും ചവിട്ടിയും മറ്റുമാണ് സ്കൂളിലേക്ക് പോയിക്കൊണ്ടിരുന്നത്. പത്താം ക്ലാസ്സിലും പ്ലസ്ടുവിലും ഉയർന്ന മാർക്ക് വാങ്ങി വിജയിച്ചു. ഇടയ്ക്കിടയ്ക്ക് വേദന അലട്ടുമായിരുന്നെങ്കിലും വലിയ പ്രശ്നമില്ലാതെ മുമ്പോട്ടു പോയി. പ്ലസ്ടു പഠനശേഷം ഉപരിപഠനത്തിന് എന്ത് തെരഞ്ഞെടുക്കണം എന്നതിന് അഞ്ജലിക്ക് സംശയം ഏതുമില്ലായിരുന്നു. ചെറിയ പ്രായത്തിലേ ആശുപത്രിവാസം നേഴ്സിംഗ് പ്രൊഫഷനോട് തന്നെ അടുപ്പിച്ചു. മറ്റുള്ളവർക്ക് ശുശ്രൂഷചെയ്യുവാനും സേവനം ചെയ്യുവാനുമുള്ള അവസരമായി നേഴ്സിംഗിനെ കണ്ട അഞ്ജലി ചെന്നൈ എസ്. ആർ. എം. മെഡിക്കൽ കോളജിൽ 2008-ൽ പഠനത്തിനായി ചേർന്നു. ആദ്യമാസം തന്നെ ശാരീരിക പ്രയാസങ്ങൾ തന്നെ അലട്ടുവാൻ ആരംഭിച്ചു. അനങ്ങുവാൻ കഴിയാത്ത നിലയിൽ കിടക്കയിലായി. എന്നാൽ വീട്ടിൽ അറിയിക്കാതെ ചില ദിവസങ്ങൾ മുമ്പോട്ട് തള്ളിവിട്ടെങ്കിലും അതിവേദനയും അനങ്ങുവാൻ കഴിയാത്ത നിലയിൽ തളർച്ചയും ആയപ്പോൾ ഹോസ്പിറ്റലിൽ നടത്തിയ പരിശോധനയുടെ ഫലം ഞെട്ടിപ്പിക്കുന്നതായിരുന്നു. നട്ടെല്ലിനെ ബലപ്പെടുത്തുവാൻ ഇട്ടിരുന്ന ടൈറ്റാനിയം ഇംപ്ലാന്റ്സ് ഒടിഞ്ഞു ശരീരത്തിന്റെ വിവിധഭാഗങ്ങളിൽ എത്തിനിൽക്കുകയാണ്. ഹൃദയത്തെയും ശ്വാസകോശത്തെയും തകർക്കുന്ന നിലയിൽ അപകടകരമായ സാഹചര്യം. ഒടുവിൽ ഡോക്ടർ തന്നെ മാതാപിതാക്കളെ വിളിച്ചുവരുത്തി. അപകടകരമായ സ്ഥിതിവിശേഷം അവരെ ബോധ്യപ്പെടുത്തി. അവിടെനിന്ന് വെല്ലൂർ മെഡിക്കൽ കോളജിൽ എത്തിയെങ്കിലും അവർ ഏറ്റെടുത്തില്ല. ആദ്യം സർജറി നടത്തിയിടത്തേക്ക് തന്നെ പോകുവാൻ നിർദ്ദേശിച്ചു. അമൃതയിൽ എത്തിയെങ്കിലും അവരും കൈയൊഴിഞ്ഞു. എം.ആർ.ഐ. റിപ്പോർട്ടുകൾ കാണിച്ച് ഇതിന്റെ അപകടം ബോധ്യം വരുത്തുവാനാണ് ഡോക്ടർമാർ ശ്രമിച്ചത്. കഴുത്തും തലയുമായുള്ള ബന്ധം ഉറപ്പിക്കേണ്ട നട്ടെല്ലിന്റെ ഭാഗത്ത് ഒരു സർജറി എന്നത് ഏറ്റവും അപകടകരം തന്നെയാണ്. സെർവിക്കൽ തൊറാസിസ് ജംഗ്ഷൻ എന്നത് എല്ലാ നാഡീഞരമ്പുകളും എത്തിച്ചേരുന്ന ഇടമാണ്. അവിടെയുള്ള ട്യൂമറും പ്രശ്നമായി നിൽക്കുന്നു. എന്തെങ്കിലും ചെറിയ ക്ഷതംപോലും ശരീരത്തിന് സ്ഥിരമായ തളർച്ച ഉണ്ടാക്കാം. അതുകൊണ്ട് തന്നെ ഡോക്ടർമാരെല്ലാവരും ആ റിസ്ക് ഏറ്റെടുക്കുവാൻ മടിച്ചു നിന്നു. ദൈവത്തിന്റെ ആലോചനയില്ലാതെ ഒരു സർജറി വേണ്ടായെന്നും ഏതെങ്കിലും ദൈവദാസന്മാരെക്കൊണ്ട് പ്രാർത്ഥിപ്പിച്ചിട്ട് തീരുമാനം എടുക്കാം എന്നുള്ള പിതാവ് മാത്യുവിന്റെ അഭിപ്രായം എല്ലാവരും സ്വീകരിച്ചു. അന്ന് രാവിലെ ടി.വിയിൽ കണ്ട ദേവസ്യ മുല്ലക്കരയുടെ പ്രസംഗത്തിൽ പെരുമ്പാവൂരിൽ തന്റെ കൺവൻഷന്റെ പരസ്യവും ഉണ്ടായിരുന്നു. അതിനുമുമ്പ് ഒരു പെന്തെക്കോസ്ത് യോഗങ്ങൾക്കും പോയിട്ടില്ല. എറണാകുളത്തുനിന്നും പെരുമ്പാവൂരിലേക്കുള്ള യാത്ര തന്നെ വളരെ റിസ്കുള്ളതായിരുന്നു. തലയും ശരീരവും തമ്മിൽ ഉറപ്പിച്ചു നിർത്തേണ്ട നട്ടെല്ലിന്റെ കണ്ണി ഇല്ലാത്ത സാഹചര്യത്തിൽ സഞ്ചരിക്കുന്ന വാഹനം ഏതെങ്കിലും കുഴിയിൽ ചാടിയാൽ പോലും ശരീരം പൂർണ്ണമായി തളരുവാനുള്ള സാധ്യതയും ഡോക്ടർമാർ മുന്നറിയിപ്പായി നൽകിയിരുന്നു. കൺവൻഷൻ സ്ഥലത്തെത്തി പ്രാർത്ഥനയിൽ പങ്കെടുക്കുമ്പോൾ അദ്ദേഹം നട്ടെല്ലിന് സുഖമില്ലാതെ വന്ന കുട്ടിക്ക് ഇപ്പോൾ സൗഖ്യം ആകുന്നു എന്നു പറഞ്ഞു. ഇതുവരെ ചെയ്യാൻ പറ്റാത്ത കാര്യങ്ങളെല്ലാം ഇനി ചെയ്യാം എന്ന് പറഞ്ഞു. ആദ്യമായാണ് ഇങ്ങനെ ഒരു രോഗശാന്തി ശുശ്രൂഷയും പ്രാർത്ഥനയുമൊക്കെ ഇവർ കാണുന്നത്. അങ്ങോട്ടുപോകുമ്പോൾ പപ്പായും മമ്മിയും അഞ്ജലിയുടെ കഴുത്ത് താങ്ങിപിടിച്ചാണ് വാഹനത്തിലിരുന്നത്. എന്നാൽ അവിടെനിന്നും പ്രാർത്ഥനയ്ക്ക് ശേഷം മടങ്ങുമ്പോൾ ദൈവീക വിടുതൽ വിശ്വസിച്ചു ഒരു ബസിലാണ് മടങ്ങിയത്. ധാരാളം കുഴികളുള്ള റോഡുകളിൽ യാത്ര ചെയ്തിട്ടും ഒരു കുഴപ്പവും ഉണ്ടായില്ല. ദിവസങ്ങൾ കഴിഞ്ഞപ്പോൾ വേദനയ്ക്കും ശമനമായി. ചില ദിവസങ്ങൾക്കുശേഷം വീണ്ടും അഞ്ജലിയുടെ ആവശ്യപ്രകാരം കോളേജിലേക്ക് മടങ്ങി. എം.ആർ. ഐ. സ്കാനിംഗിൽ പ്രശ്നങ്ങൾ അതേപടി നിലനിൽക്കുന്നതായിട്ടാണ് കണ്ടത്. എന്നാൽ ക്രിസ്തുവിലുള്ള വിശ്വാസം അഞ്ജലിയിൽ വളർന്നു. ദൈവസാന്നിധ്യം കൂടെയുണ്ട് എന്ന വലിയ വിശ്വാസം അഞ്ജലിയെ ധൈര്യപ്പെടുത്തി. വീണ്ടും കോളേജിലെത്തിയ അഞ്ജലി ആത്മീയ വഴിയിലേക്ക് എത്തുകയായിരുന്നു. തന്റെ സഹപാഠികളും റൂം മേറ്റ്സും ആയ പെന്തെക്കോസ്തുകാരായ കൂട്ടുകാരികളുടെ ജീവിതം താൻ ശ്രദ്ധിക്കുവാൻ തുടങ്ങി. അവരുടെ പ്രാർത്ഥനയും ജീവിത ശൈലിയുമൊക്കെ അഞ്ജലിയെ ആകർഷിച്ചു. മറ്റ് ക്രിസ്ത്യാനികളിൽ നിന്ന് ഇവർ വ്യത്യസ്തരാണെന്ന് തിരിച്ചറിഞ്ഞു. അവരോടൊപ്പം പ്രാർത്ഥിക്കുവാനും അവരുടെ ആരാധനയിൽ സംബന്ധിക്കുവാനും തുടങ്ങി. ദൈവവചന പഠനത്തിലൂടെ വിശ്വാസസ്നാനം എന്ന സത്യം തിരിച്ചറിഞ്ഞ് താൻ സ്നാനപ്പെടാൻ ആഗ്രഹിക്കുന്നുവെന്ന് മാതാപിതാക്കളെ അറിയിച്ചു.

ഇതേ സമയം അഞ്ജലിയുടെ ഭവനത്തിലും മാറ്റങ്ങൾ സംഭവിക്കുകയായിരുന്നു. ടി.വിയിൽ വരുന്ന ക്രിസ്ത്യൻ പ്രോഗ്രാമുകൾ ശ്രദ്ധിക്കുകയും വചനം പഠിക്കുകയും ദൈവിക ദർശനം ലഭിക്കുകയും ചെയ്തപ്പോൾ അവരും വിശ്വാസസ്നാനം സ്വീകരിക്കുവാൻ തീരുമാനിച്ചു. അങ്ങനെ അഞ്ജലി നാട്ടിൽ എത്തി പാസ്റ്റർ കെ. സി. ജോണിന്റെ കൈക്കീഴിൽ നെടുമ്പ്രം ഗോസ്പൽ സെന്ററിൽ വെച്ച് കുടുംബമായി വിശ്വാസസ്നാനം സ്വീകരിച്ചു. അനേകർ, ഈ സമയങ്ങളിൽ നേരിൽ പരിചയം ഇല്ലാത്തവർപോലും അഞ്ജലിയെ വിളിക്കുകയും എനിക്കായി പ്രാർത്ഥിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തുവന്നു. ഇടയ്ക്കിടക്ക് അലട്ടുന്ന വേദനയുടെ നടുവിൽ അനേകരുടെ പ്രാർത്ഥന ആശ്വാസമായി. ഈ സമയത്തും സർജറിക്കായി അനേക ആശുപത്രികളെ സമീപിച്ചെങ്കിലും ആരും റിസ്ക് ഏറ്റെടുക്കുവാൻ തയ്യറായില്ല. മൂന്നാം വർഷം ആയിപ്പോഴേക്കും വീണ്ടും സ്ഥിതി വഷളായിക്കൊണ്ടിരുന്നു. അത്തരം സാഹചര്യങ്ങളിൽ ലഭ്യമായിക്കൊണ്ടിരുന്ന ദൈവീകവചനങ്ങൾ ആശ്വാസമായി. വേദനയുണ്ടെങ്കിലും ദൈവസാന്നിധ്യത്തിൽ അതെല്ലാം മറക്കുവാൻ ശ്രമിച്ചു. തന്റെ ജീവിത സാഹചര്യങ്ങൾ എല്ലാം പ്രതികൂലമായിരുന്നിട്ടും ഗോൾഡ് മെഡലോടെ നഴ്സിംഗ് പഠനം പൂർത്തീകരിപ്പാൻ കഴിഞ്ഞത് ഇന്നും ഒരത്ഭുതമാണ്. അതിനുശേഷം എം.എസ്. സി. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ പഠനത്തിനായി കോയമ്പത്തൂരിൽ കോവൈ മെഡിക്കൽ സെന്ററിൽ ചേർന്നു. ശാരീരിക അവശതകൾ കാരണം നഴ്സിംഗ് പ്രൊഫഷൻ സാധ്യമാകയില്ല എന്ന തിരിച്ചറിവിലാണ് ഉപരിപഠനത്തിനായി ചേർന്നത്. രണ്ടാംവർഷം സ്ഥിതി അതിദയനീയമായി. വേദനകൊണ്ട് പുളയുന്ന സ്ഥിതി. യാത്രചെയ്യുവാനോ പരീക്ഷയെഴുതുവാനോ കഴിയാത്ത സാഹചര്യമുണ്ടായി. എന്നാൽ അവിടെല്ലാം ദൈവത്തിന്റെ അദൃശ്യമാർന്ന കരം അത്ഭുതകരമായി കൂടെയിരുന്ന് സഹായിച്ചു. ആകെ നാലു വിദ്യാർത്ഥികൾ മാത്രമാണ് വിജയിച്ചത്. അതിൽ ഒരാൾ അഞ്ജലി ആയിരുന്നുവെന്നു മാത്രമല്ല ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഫസ്റ്റ് റാങ്ക് അഞ്ജലിക്കായിരുന്നു.

ശേഷം അടുത്ത ലക്കത്തിൽ



# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ്

**STATE OVERSEER** —  PR. C. C. THOMAS

**DIRECTOR** —  PR. JOHNSON DANIEL

**PRINCIPAL** —  PR. SUJU JOHN



## മൗണ്ട് സീയോൻ ബൈബിൾ സെമിനാരി മുളക്കുഴ

⌖ കേരളത്തിലെ ആദ്യത്തെ വേദപാഠശാല ⌖ MA, M.Div, B.Th, G.Th കോഴ്സുകൾ ⌖ പ്രായോഗിക പരിശീലനം ⌖ മികച്ച പഠന സൗകര്യം ⌖ പ്രഗത്ഭരായ അദ്ധ്യാപകർ ⌖ വിദേശരാജ്യങ്ങളിൽ തുടർപഠന സാധ്യത ⌖ ATA കോഴ്സുകൾ

## മൗണ്ട് പാരാൻ ബൈബിൾ കോളേജ് കണ്ണൂർ

മലബാർ സുവിശേഷീകരണത്തിന് പ്രാധാന്യം നൽകിയും തദ്ദേശീയരായ സുവിശേഷകർക്ക് പ്രയോജനപ്രദമായ നിലയിലുമുള്ള ആധുനിക പഠന സൗകര്യങ്ങളോടുകൂടിയ വേദ വിദ്യാലയം. പ്രായോഗിക പരിശീലനം

## ബെഥേൽ ലേഡീസ് ബൈബിൾ കോളേജ്, കുമ്പനാട്

സഹോദരിമാർക്കായി കേരളത്തിലെ ആദ്യത്തെ വേദപാഠശാല. ദൈവകൃപയും സുവിശേഷവേലയ്ക്കായി വിളിയും സമർപ്പണവുമുള്ള യുവതികൾക്ക് അവസരം. അനുഭവസമ്പന്നരായ അദ്ധ്യാപകരുടെ ക്ലാസ്സുകൾ.

## സവിശേഷതകൾ

♦ 1927 – ൽ ആരംഭം ♦ ചർച്ച് ഓഫ് ഗോഡിന്റെ അന്തർദേശീയ അംഗീകാരം ♦ A.T.A അഫിലിയേഷൻ ♦ മലബാർ സുവിശേഷീകരണം ലക്ഷ്യമാക്കി കണ്ണൂരിൽ പ്രവർത്തിക്കുന്ന മൗണ്ട് പാരാൻ ♦ കേരളത്തിലെ ആദ്യത്തെ ലേഡീസ് ബൈബിൾ കോളേജായ ബഥേൽ ♦ M.A., M.Div., B.Th., G.Th കോഴ്സുകൾ ♦ ഒരു വർഷം ദൈർഘ്യമുള്ള കൗൺസിലിംഗ് ഡിപ്ലോമ കോഴ്സ് ക്ലിനിക്കൽ പാസ്റ്ററൽ കെയർ & കൗൺസിലിംങ്ങ് ♦ ഉന്നതനിലവാരമുള്ള പാഠ്യപദ്ധതി ♦ വേദപരിജ്ഞാനവും അനുഭവജ്ഞാനവുമുള്ള സ്വദേശീയരും വിദേശീയരുമായ അദ്ധ്യാപകർ ♦ വിപുലമായ ലൈബ്രറി സൗകര്യം ♦ സുവിശേഷ വേലയിൽ പ്രായോഗിക പരിശീലനം ♦ അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ♦ ഉന്നത വിജയികൾക്ക് തുടർ പഠനാവസരം ♦ പഠനശേഷം ചർച്ച് ഓഫ് ഗോഡിൽ പ്രവർത്തിക്കാനുള്ള അവസരം



**For More Details**

**The Director**
Education Department
Church of God In India, Mulakuzha, Kerala - 689 505
PH: 9447799659, 9349918737, 9446208799
E-mail:mtzionseminary@yahoo.com

---

# ഐ.പി.സി. പത്തനംതിട്ട സെന്റർ

# വജ്രജൂബിലി കൺവൻഷൻ

## 2017 ജനുവരി 11 ബുധൻ മുതൽ 15 ഞായർ വരെ

## വിളവിനാൽ ബഥേൽ ഗ്രൗണ്ട്, പുത്തൻപീടിക, പത്തനംതിട്ട.



ഉദ്ഘാടനം :
**പാ. വിത്സൺ ജോസഫ്**
(ഐ.പി.സി. ജനറൽ വൈസ് പ്രസിഡന്റ്)


പാ. വർഗീസ് എബ്രഹാം


പാ. കെ. ജെ. തോമസ്


പാ. രാജു പൂവക്കാല


പാ. ബാബു ചെറിയാൻ


പാ. രവി മണി (ബാംഗ്ലൂർ)

പാസ്റ്റർ മോൻസി സാം
സെന്റർ സെക്രട്ടറി - 9446114925
പാസ്റ്റർ ജിജി ചാക്കോ തേക്കുതോട്
മീഡിയ കൺവീനർ -9961883343

വൈകിട്ട് 6 മുതൽ 9 വരെ
**പൊതുയോഗം**

സംഗീത ശുശ്രൂഷ
SHEKINAH SINGERS
Pathanamthitta

**സാംസ്കാരിക സമ്മേളനം**
**ശനി 5.30 മുതൽ 7.30 വരെ**

**ഏവർക്കും സ്വാഗതം**

# 2017 ക്രൈസ്തവ പീഡനത്തിന്റെ വർഷമോ?




**ഇറാനിലെ രഹസ്യസഭകളുടെ വളർച്ച മൂലം ക്രൈസ്തവർക്കെതിരെ സർക്കാർ പീഡനം അഴിച്ചു വിടുന്നു. അറസ്റ്റ് ഒഴിവാക്കാൻ വിശ്വാസികൾ 10000 ഡോളർ വരെ ജാമ്യതുക നൽകേണ്ടി വരുന്നു. ഈജിപ്റ്റിലും ഐ. എസിന്റെ അനുഭാവികളും മുസ്ലീം ബ്രദർഹുഡിന്റെ രഹസ്യപോരാളികളും കോപ്റ്റിക് വിശ്വാസികളെ ആക്രമിക്കുന്നു. പാകിസ്ഥാനിലും ക്രൈസ്തവരും മറ്റ് ന്യൂനപക്ഷങ്ങളും പീഡിപ്പിക്കപ്പെടുന്നു.**



പ്രകാശ് പി. കോശി
മുംബൈ

**2017–ൽ** ക്രൈസ്തവ പീഡനം ക്രമാതീതമായി വർദ്ധിക്കുമെന്ന് പീഡിപ്പിക്കപ്പെടുന്ന സഭകളുടെ ഇടയിൽ പ്രവർത്തിക്കുന്ന റിലീസ് ഇന്റർനാഷണൽ എന്ന സംഘടന മുൻകൂട്ടി കാണുന്നു. മദ്ധ്യേഷ്യയിലെയും, ചൈന, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലേയും രാഷ്ട്രീയ സാമുദായിക സ്ഥിതി അവലോകനം ചെയ്താണ് ഈ സംഘടന പഠന റിപ്പോർട്ട് പുറത്തുവിട്ടത്. ഐസിന്റെ ശക്തി ക്ഷയിച്ചു എങ്കിലും ഇവരുടെ രഹസ്യപോരാളികൾ ക്രൈസ്തവർ സംഘടിക്കുന്ന സ്ഥലങ്ങളിൽ ബോംബാക്രമണം നടത്താൻ സാധ്യതയുണ്ട് എന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. നൈജീരിയിലെയും സ്ഥിതിഗതികൾ മോശമാണ്. ബൊക്കോ ഹറാമിനെ സർക്കാരിന് നിയന്ത്രിക്കാനായെങ്കിലും തുടർച്ചയായി ഇവർ നടത്തുന്ന ബോംബാക്രമണങ്ങളിൽ നൂറുകണക്കിന് ക്രൈസ്തവർ മരിക്കുന്നു.

ഇറാനിലെ രഹസ്യസഭകളുടെ വളർച്ച മൂലം ക്രൈസ്തവർക്കെതിരെ സർക്കാർ പീഡനം അഴിച്ചു വിടുന്നു. അറസ്റ്റ് ഒഴിവാക്കാൻ വിശ്വാസികൾ 10000 ഡോളർ വരെ ജാമ്യതുക നൽകേണ്ടി വരുന്നു. ഈജിപ്റ്റിലും ഐ. എസിന്റെ അനുഭാവികളും മുസ്ലീം ബ്രദർഹുഡിന്റെ രഹസ്യപോരാളികളും കോപ്റ്റിക് വിശ്വാസികളെ ആക്രമിക്കുന്നു. പാകിസ്ഥാനിലും ക്രൈസ്തവരും മറ്റ് ന്യൂനപക്ഷങ്ങളും പീഡിപ്പിക്കപ്പെടുന്നു.

മതനിന്ദാകുറ്റം ചുമത്തിയാൽ ജാമ്യം പോലും കിട്ടാതെ ജയിൽ കഴിയേണ്ട അവസ്ഥയാണ്. ഈ നിയമം വ്യാപകമായി ദുരുപയോഗപ്പെടുത്തി ക്രൈസ്തവരെ മതം മാറ്റാനും പീഡിപ്പിക്കാനും തീവ്രവാദികൾ ശ്രമിക്കുന്നു.

ചൈനയിലെ രഹസ്യസഭകൾ അഭൂതമായ രീതിയിൽ വളരുന്നു. എന്നാൽ സഭ വളരുമ്പോഴും പീഡനം വർദ്ധിക്കുന്നു. സഭാ കെട്ടിടം ഇടിച്ചുനിരത്തുക, വിശ്വാസികളെ ജയിലിൽ അടച്ച് കഠിനമായി പണിയെടുപ്പിക്കുക, ക്രൈസ്തവനേതാക്കൻമാരെ ജയിലിൽ അടച്ച് പീഡിപ്പിക്കുക തുടങ്ങിയവ ചൈനയിൽ സർവ്വസാധാരണമാണ്.

ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യയുടെ കണക്കുപ്രകാരം 2016–ൽ 134 ആക്രമണങ്ങൾ ക്രൈസ്തവർക്കെതിരെ ഇന്ത്യയിൽ ഉണ്ടായി. ക്രിസ്മസിന്റെ സമയത്ത് രാജസ്ഥാനിലും യു. പിയിലും സഭകൾ അടിച്ചുതകർത്തു. രാഷ്ട്രീയ സ്വയം സേവക് സംഘിന്റെ മുതിർന്ന നേതാവ് മോഹൻ ഭാഗവത് ഡിസംബർ 31–ന് ഗുജറാത്തിലെ വനസഡ താലൂക്കിൽ നടന്ന വിരാട് ഹിന്ദു സമ്മേളനത്തിൽ ക്രൈസ്തവർക്കെതിരെ ആഞ്ഞടിച്ചു. “പോപ്പ് പറയുന്നു കഴിഞ്ഞ ആയിരം വർഷംകൊണ്ട് യൂറോപ്പ്, അമേരിക്ക, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിലെ ജനങ്ങളെ ക്രൈസ്തവർ മതം മാറ്റി. ഇവരുടെ അടുത്ത അജണ്ട ഏഷ്യയാണ്. മദ്ധ്യേഷ്യ ഇവർക്ക് ബുദ്ധിമുട്ടാണ്. ചൈനയിൽ കമ്മ്യൂണിസ്റ്റ് ഭരണം ആണ്. പിന്നെ എവിടെയാണ് ഇവർക്ക് മതംമാറ്റ പരിപാടി നടത്തേണ്ടത്. ഇന്ത്യയിൽ ആണ് ഇത് അവർ നടപ്പാക്കാൻ ശ്രമിക്കുന്നത്” മോഹൻ ഭാഗവത് പറഞ്ഞു.




ഇദ്ദേഹം പ്രസംഗിച്ച വനസഡ താലൂക്കിലെ ജനസംഖ്യയിൽ 30% പേരും ക്രൈസ്തവരാണ്. സെന്റർ ഫോർ സ്റ്റഡിസ് ഓൺ ന്യൂ റിലീജിയൻസ് എന്ന സംഘടനയുടെ കണക്കുപ്രകാരം 2016–ൽ ലോകമാകെ 90000 ക്രൈസ്തവർ വിശ്വാസത്തിനുവേണ്ടി മരിച്ചു, ആഫ്രിക്കയിലെയും മധ്യപൗരസ്ത്യദേശത്തിലേയും വിശ്വാസികളാണ് ഇതിൽ ഏറെയും.

പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവരെ ഓർത്ത് പ്രാർത്ഥിക്കാനും അവരെ സഹായിക്കാനും നാം കടപ്പെട്ടവരാണ്.



ലേഖനം

# ആടുകളുടെ കരച്ചിലും കാളകളുടെ മുക്കുറയും അനുസരണക്കേടിന്റെ അപശബ്ദങ്ങളോ!!!



ജോ തോമസ്, മസ്കറ്റ്

പാപങ്ങളിൽ പ്രഥമസ്ഥാനം വഹിക്കുന്നതും എന്നാൽ മാനവ ജനത ഇപ്പോഴും നിസ്സാരവത്കരിക്കുന്നതുമായ ഏറ്റവും വലിയ പാപമാണ് ആജ്ഞാലംഘനം അഥവാ അനുസരണക്കേട്. ഉടമ്പടി ലംഘനം മൂലം ഒരു നിയമം പ്രാബല്യത്തിൽ വന്നു. അനുസരക്കേടിനാൽ അകന്നുപോയ ആദ്യമനുഷ്യനായ ആദാമിന്റെയും ആരാധിതന്റെയും ഇടയിൽ അങ്ങനെ ന്യായപ്രമാണം സ്ഥാപിതമാകുകയും കാലത്തികവിൽ കന്യകയിൽ ഉരുവായ ഏകപുത്രനായ ക്രിസ്തു തന്റെ യാഗത്താൽ അവ നിവർത്തിച്ച് പകരം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പുതിയ കൽപ്പനകൾ മാനവജാതിക്ക് സമ്മാനിച്ചു. എന്നാൽ ഇന്നും മാനവജനത അനുസരണക്കേടെന്ന മഹാപാപത്തിൽ ദീർഘീകൃത പ്രയാണം നടത്തുന്നത് മനസ്താപമില്ലാത്ത തുടരുന്നു. അരുത് എന്ന് കല്പിച്ചിട്ടുള്ളവ ചെയ്യുകയും അനുവർത്തിക്കേണ്ടവ അവഗണിക്കുകയും ചെയ്യുമ്പോൾ ആജ്ഞാനിഷേധം സംജാതമാകുന്നു. അങ്ങനെ ചെയ്യുന്ന അനുസരണക്കേടിൽ നിന്ന് ഉയരുന്ന ശബ്ദങ്ങൾ ആലയത്തിൽ അനുചിതമായി ഉയർന്നു കേൾക്കുന്നത്. ദൈവനാമമഹത്വത്തിന് വിപരീതമാവുകയും എന്നാൽ അത് സ്വയപ്രശംസയ്ക്ക് വഴിമാറുകയും ചെയ്യുന്നു. ഒന്ന് ചിന്തിച്ചാൽ, ദേവസ്തുതികൾ ഉയരേണ്ട ആലയങ്ങളിൽ ഇന്ന് ഉയർന്നു കേൾക്കുന്നതിൽ ഏറിയതും അനുസരണക്കേടിന്റെ അപശബ്ദങ്ങൾ അല്ലെ?

അപശബ്ദങ്ങൾക്ക് കാരണങ്ങൾ ഇനിയുമുണ്ട്. ആലയനിർമ്മാണത്തിനുപയോഗിക്കേണ്ട വസ്തുക്കളുടെ ന്യൂനതകൾ അപശബ്ദങ്ങൾക്ക് കാരണമാവുന്നു. രാജാക്കന്മാരുടെ പുസ്തകം നാം വായിക്കുമ്പോൾ; ശലോമോൻ രാജാവ് ദൈവത്തിനു ഒരു ആലയം പണികഴിപ്പിക്കുന്നതായി കാണുവാൻ സാധിക്കും. വെട്ടുകുഴിയിൽ വെച്ചു തന്നെ കുറവുതീർത്ത കല്ലുകൊണ്ടു ആലയം പണിയുന്നതിനാൽ അതു പണിയുന്ന സമയത്തു ചുറ്റിക, മഴു മുതലായ യാതൊരു ഇരുമ്പായുധത്തിന്റെയും ഒച്ച ആലയത്തിങ്കൽ കേൾപ്പാനില്ലായിരുന്നു(1രാജാ:6:7). കുറവു തീരാത്ത കല്ലുകൾ ഇന്ന് ആലയനിർമ്മാണത്തിനു അനിവാര്യമെന്നു തോന്നും വിധം കൂടി വരുന്ന കാഴ്ചകളാണ് നമുക്ക് ചുറ്റും കാണുന്നത്. ഒന്നിനോടൊന്നു ചേർന്ന് പണിയപ്പെടേണ്ട കല്ലുകൾ തമ്മിൽ ഒരു ചേർച്ചയില്ലാത്തവയായി ഇടർച്ചയുണ്ടാക്കുന്നു. എല്ലാ കുറവുകളും നിലനിർത്തിയുള്ള സാമഗ്രികൾ ആലയനിർമ്മാണത്തിനു കൊണ്ടുവരുമ്പോൾ, ആശാരിക്ക് അവയിൽ ചെത്തി ഒരുക്കൽ പ്രക്രീയ നടത്താതിരിക്കാൻ കഴിയില്ല. എന്നാൽ കാലം പോകെ പോകെ ആശാരിയുടെ കുറ്റവുമുണ്ട്. മരത്തിന്റെ വളവുമുണ്ട് എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ മാറ്റപ്പെട്ടു. പറഞ്ഞു വന്നത് യോഗ്യമല്ലാത്ത കല്ലുകളെ കുറിച്ച് ആണല്ലോ... ഇത്തരം കല്ലുകൾ തമ്മിൽ ഉരസുമ്പോൾ കേൾക്കുന്ന അപശബ്ദങ്ങൾ ഇന്ന് ആലയത്തിൽ സർവ്വസാധാരണമായിരിക്കുന്നു. മാത്രമല്ല വെട്ടുകുഴിയിൽ വച്ച് ക്രമപ്പെടാതെ ആലയത്തിൽ കൊണ്ടുവരുന്ന കല്ലുകളെ നിർമ്മിതിയ്ക്ക് യോഗ്യമാക്കണമെങ്കിൽ ചുറ്റിക, മഴു മുതലായ ആയുധങ്ങളുടെ പ്രയോഗം ആവശ്യമായി വരും. അപ്പോൾ അപശബ്ദങ്ങൾ ഉയർന്നുകൊണ്ടേയിരിക്കും. വെട്ടുകുഴിയിൽ വച്ച് തന്നെ കുറവുതീർത്ത കല്ലുകൊണ്ടു തന്നെ ആലയം പണിയുവാൻ ഇടയാകട്ടെ. അപ്പോൾ ആലയത്തിൽ ദൈവത്തിനു മഹത്വം ഉയരും. പ്രതിപാദ്യവിഷയം 'അനുസരണക്കേടിന്റെ അപശബ്ദങ്ങൾ' ആയതിനാൽ അതിലേക്കു വരാം.

യിസ്രായേൽ മിസ്രയീമിൽ നിന്നു പുറപ്പെട്ടുവരുമ്പോൾ വഴിയൽ വെച്ചു അമാലേക്ക് അവരെ ആക്രമിച്ചു. ആകയാൽ നീ ചെന്നു അമാലേക്യരെ തോല്പിച്ചു അവർക്കുള്ളതൊക്കെയും നിർമ്മൂലമാക്കിക്കളക: അവരോടു കനിവു തോന്നരുതു; പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും മുലകുടിക്കുന്നവരെയും കാള, ആട്, ഒട്ടകം, കഴുത എന്നിവയെയും സംഹരിച്ചുകളകയെന്നു ദൈവം ശമുവേൽ പ്രവാചകനിലൂടെ യിസ്രായേലിന്റെ പ്രഥമരാജാവായ ശൗലിനോടു കൽപ്പിച്ചു (1ശമുവേൽ15). ഇനിയുള്ള കാഴ്ചകൾ ഇന്നിൽ നിന്നും വലിയ അന്തരമൊന്നും കാണുന്നില്ല. ദൈവീക കൽപ്പനകളെയും ഉപദേശങ്ങളെയും സാഹചര്യത്തിനനുസരിച്ചും സ്വയനേട്ടങ്ങൾക്ക് അനുസൃതമായും അയവു വരുത്തുന്ന പ്രവണത ഇന്ന് വർദ്ധിച്ചുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു!! സംഹരിച്ചു കളയേണ്ടവയോടു ഒരു ചെറിയ മമത!!! കൊഴുപ്പും മേദസ്സും കണ്ടു കണ്ണുമഞ്ഞളിക്കുന്ന പ്രേഷകർ ദൈവകൽപ്പനകളെ മനഃപ്പൂർവ്വം മറന്നുകളയുന്നത് നമുക്കിടയിലെ സ്ഥിരം കാഴ്ചകളായി മാറുന്നു. അമാലേക്യരുടെ നേതാവിനെ ജീവനോട് വയ്ക്കാൻ ശൗലിന് തിരുമനസ്സായി. ശേഷിയുള്ള ശ്രേഷ്ഠനായ ഒരുവനെ കൂടെ കൂട്ടിയാൽ എന്താ കുഴപ്പമെന്ന് ശൗലിന്റെ അന്തർഗതം. ശൗലിനെ കുറ്റം പറയാൻ വരട്ടെ... അമാലേക്യരുടെ രാജാവായ ആഗാഗിനെ ജീവനോടെ കൂടെ നിർത്തിയാൽ തന്റെ കസേരയ്ക്കു ഇളക്കം വല്ലതും തട്ടിയാൽ പോലും തന്റെ നിലനിൽപ്പിനു ഒരു കാരണമായി ഭവിച്ചാലോ!! അല്പം രാഷ്ട്രീയ നേതൃത്വം ഒക്കെ കൂടെ ഉള്ളത് നല്ലതാ. അങ്ങ് കേന്ദ്രത്തിൽ പിടിപാട് ഉണ്ടെങ്കിൽ സ്വന്തം രാജത്വം സ്ഥിരപ്പെട്ടാലോ? ദൈവീക കൽപ്പനകളോട് മറുതലിച്ച് ശൗലും ജനവും ആഗാഗിനെയും ആടു, മാടു, തടിച്ചമൃഗം എന്നിവയിൽ മേത്തരമായവയെയും കുഞ്ഞാടുകളെയും ഉത്തമമായവയെ ഒക്കെയും അവർ നിർമ്മൂലമാക്കിക്കളഞ്ഞു(1ശാമുവേൽ15:9). ഇനിയുമാണ് ശാമുവേലിന്റെ ചോദ്യവും ശൗലിന്റെ മറുപടിയും ശ്രദ്ധേയമാകുന്നത്. അവ ഇന്ന് കേൾക്കുന്ന മറുപടികളുമായി എന്തെങ്കിലും സാമ്യം തോന്നിയാൽ സംശയിക്കേണ്ട; പ്രേഷിതന്റെ സഞ്ചാരപാത ദൈവത്തിൽ നിന്നും അകലങ്ങളിലേക്കാണെന്ന് അനുമാനിക്കാം. ഗില്ഗാലിലേക്കു പോയ ശൗലിനെ കാണുവാൻ ശാമുവേൽ ചെല്ലുമ്പോൾ കല്പനാലംഘനം നടത്തിയ ശൗൽ അവനോടു: യഹോവയാൽ നീ അനുഗ്രഹിക്കപ്പെട്ടവൻ; ഞാൻ യഹോവയുടെ കല്പന നിവർത്തിച്ചിരിക്കുന്നു എന്നു പറഞ്ഞു. ആരെങ്കിലും കേട്ടാൽ എത്രയോ പരമാർത്ഥമായ കാര്യം എന്ന് തോന്നിപ്പോകും. അവിഹിതമായി സമ്പാദിക്കുന്ന പ്രേഷിതരും ഇതൊക്കെതന്നെയല്ലേ പറയുന്നത്. പ്രവാചകനായ ശാമുവേൽ രാജാവായ ശൗലിന്റെ വാക്കിൽ മയങ്ങിയില്ല. ശമുവേൽ ശൗലിനോടു: എന്റെ ചെവിയിൽ എത്തുന്ന ആടുകളുടെ ഈ കരച്ചിലും ഞാൻ കേൾക്കുന്ന കാളകളുടെ മുക്കുറയും എന്തു എന്നു ചോദിച്ചു. സംശയം ഉയർത്തുന്ന അപശബ്ദങ്ങൾ ഇന്നും ആലയ പിന്നാമ്പുറത്ത് ഉയരുന്നതിനു കാരണം നാഥാൻ, ശമുവേൽ തുടങ്ങിയ പ്രവാചകന്മാരുടെ അഭാവമാണോ!!! പ്രവാചകന്റെ ചോദ്യത്തിനു മുൻപിൽ പതറാതെ ശൗൽ മറുപടിയും കൊടുത്തു. അവയെ അമാലേക്യരുടെ പക്കൽനിന്നു അവർ കൊണ്ടുവന്നാതാകുന്നു; ജനം ആടുകളിലും കാളകളിലും മേത്തരമായവയെ നിന്റെ ദൈവമായ യഹോവെക്കു യാഗം കഴിപ്പാൻ ജീവനോടെ സൂക്ഷിച്ചു; ശേഷമുള്ളവയെ ഞങ്ങൾ നിർമ്മൂലമാക്കിക്കളഞ്ഞു എ

09



കുളങ്ങര കൺസ്ട്രക്ഷൻസ്

ഏതുതരം നിർമ്മാണ പ്രവർത്തനങ്ങളും വിശ്വസ്തമായി ചെയ്തുകൊടുക്കുന്ന സ്ഥാപനം

കെട്ടിടത്തിനാവശ്യമായ തടികൾ മൊത്തമായും ഉരുപ്പടികളായും മിതമായ നിരക്കിൽ സ്ഥലത്ത് എത്തിച്ചുകൊടുക്കും

ആഞ്ഞിലി, പ്ലാവ്, മഹാഗണി, തേക്ക് മറ്റുതടികളും വില്ക്കുന്നതിനും വാങ്ങുന്നതിനും സമീപിക്കുക

For More Details

AJI KULANGARA
KULANGARA CONSTRUCTIONS
Phone 0481 2457228
Mob: 9447286386, 8086953115





കേരളത്തിലെ പ്രസിദ്ധ സുവിശേഷ പ്രസംഗകർക്കൊപ്പം അനിൽ കൊടിത്തോട്ടത്തിന്റെ നേതൃത്വത്തിൽ യെരുശലേമിലേക്ക് ഒരു ബൈബിൾ പഠന യാത്ര



**പ്രവചന പ്രഭാഷകനും വേദാദ്ധ്യാപകനുമായ അനിൽ കൊടിത്തോട്ടം ഇന്ത്യയിലെ ഏറ്റവും മികച്ച ടൂർ ഓപ്പറേറ്റിംഗ് ഏജൻസിയുമായി സഹകരിച്ചു നടത്തുന്ന യെരുശലേം യാത്ര മാർച്ച് ആദ്യവാരം. മുംബൈ, ഡിൽഹി, ദുബായ്, ഷാർജ, അബുദബി, കേരളം എന്നിവിടങ്ങളിൽ നിന്നും ക്രമീകരിക്കുന്നു.**

ഇതര യെരുശലേം ട്രിപ്പുകളിൽ നിന്ന് അത്യധികം വ്യത്യസ്തമായ പഠനയാത്രയാണിത്.

ചരിത്ര പ്രാധാന്യമുള്ള മ്യൂസിയങ്ങൾ, പുരാവസ്തു വിജ്ഞാന കേന്ദ്രങ്ങൾ, പ്രവചന പ്രാധാന്യമുള്ള ഇതര ഇടങ്ങളിൽ സന്ദർശനം

ഈജിപ്റ്റ്, സീനായ്, യോർദ്ദാൻ, പാലസ്തീൻ, യെരുശലേം, ഗലീലിയ മേഖലകളിൽ പ്രത്യേക സമ്മേളനങ്ങളും ബൈബിൾ ക്ലാസുകളും

ഒളിഞ്ഞിരിക്കുന്ന ചാർജ്ജുകളില്ലാതെ വിസാ, എയർ ടിക്കറ്റ്, ഇതര യാത്രാ ടിക്കറ്റുകൾ, ഭക്ഷണം, താമസം ഇവയെല്ലാം ഒറ്റ പാക്കേജിൽ. ചർച്ചുകൾക്കും ഗ്രൂപ്പുകൾക്കും പ്രത്യേക ചാർജ്ജ് ഇളവ്

ബുക്കിങ്ങ് നമ്പർ:
08108302733 (മുംബൈ), 9495733727 (കേരളം)
09958831287 (ഡൽഹി), +971555561004 (യു.എ.ഇ)

# നിത്യതയിൽ



**പാസ്റ്റർ കെ. സി. ചെറിയാൻ**

**കോട്ടയം:** ഐ.പി.സി. സീനിയർ ശുശ്രൂഷകന്മാരിൽ ഒരാളും കോട്ടയം നോർത്ത് സെന്ററഞ്ഞ ശുശ്രൂഷകനുമായ പാസ്റ്റർ കെ. സി. ചെറിയാൻ(കുഞ്ഞ്-81) കർത്തൃ,സന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം പുല്ലരിക്കുന്നിലുള്ള സഭാ സെമിത്തേരിയിൽ നടത്തി. ടാബർനാക്കിൾ സഭാഹാളിൽ നടന്ന സംസ്കാര ശുശ്രൂഷകളിൽ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി.. ജോൺ സംസ്ഥാന ഭാരവാഹികളായ പാസ്റ്റേഴ്സ് കെ. സി. തോമസ്, രാജു പൂവക്കാല, ഷിബു നെടുവേലിൽ, സി.സി. എബ്രഹാം മുൻ ജനറൽ സെക്രട്ടറി പാസ്റ്റർ സാം ജോർജ് മുൻ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസ് തുടങ്ങിയവരും രാഷ്ട്രീയ സാമൂഹ്യ നേതാക്കന്മാരും പ്രസംഗിച്ചു. നൂറുകണക്കിന് വിശ്വാസികളും ശുശ്രൂഷകന്മാരും പങ്കെടുത്തു.

ഭാര്യ: പരേതയായ അന്നമ്മ, മക്കൾ: സൂസൻ(മുംബൈ), സാം ചെറിയാൻ(അസി. എഞ്ചിനീയർ ജലസേചന വകുപ്പ്)



**കുഞ്ഞപ്പി ചാക്കോ (98)**

**ഡാളസ്സ്:** കുന്നത്തൂർ തുരുത്തിക്കര മരുതിനാം വിളയിൽ കുഞ്ഞപ്പി ചാക്കോ(98) മകൻരെ ഭവനത്തിൽ വച്ച് കർത്തുസന്നിധിയിൽ ചേർക്കപ്പെട്ടു.സംസ്കാരം ഗാർലൻഡിലുള്ള ഐ. പി. സി ഹെബ്രോൻ സഭാ മന്ദിരത്തിൽ പൊതുദർശനത്തിനു വച്ച ശേഷം റെസ്റ്റ് ഹെവൻ മെമ്മോറിയൽ പാർക്കിൽ നടത്തി.

ഭാര്യാ: കുഞ്ഞമ്മ, മക്കൾ: തങ്കമ്മ കുര്യൻ, പൊടിയമ്മ എബ്രഹാം, പെണ്ണമ്മ മാത്യു, മേരിക്കുട്ടി വർഗീസ്, പാസ്റ്റർ കെ. ജോയി, കെ. ബാബു, റോസമ്മ മാത്യു, കെ. തോമസ് കുട്ടി., മരുമക്കൾ: പരേതനായ പാസ്റ്റർ ടി. എൽ. കുര്യൻ, പി. സി. എബ്രഹാം, മാത്യു മത്തായി, ടൈറ്റസ് വർഗീസ്, സൂസമ്മ ജോയി, സിസിലിയാമ്മ ബാബു, ഷാജു മാത്യു, ഷേർലി തോമസ്.

# • വൈവാഹികം •

ബി.എസ്.സി. നേഴ്സ് 22 വയസ്സ്, 5‘3“ ഉയരം. പൂനെയിൽ പ്രശസ്തമായ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന പെന്തെക്കോസ്ത് യുവതി. വിദേശത്ത് ജോലിയുള്ള (ഗൾഫ് വേണ്ട) രക്ഷിക്കപ്പെട്ട പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ഫോൺ: 9447201099**

# ഫിലദെൽഫ്യാ ദൈവസഭ ജനറൽ കൺവൻഷൻ

**ഇരവിപേരൂർ:** 38-ാമത് ഫിലദെൽഫ്യാ ദൈവസഭാ ജനറൽ കൺവൻഷൻ 2017 ജനുവരി 9-15 വരെ OEM സ്കൂളിന് സമീപം കൺവൻഷൻ നഗറിൽ നടക്കും. വൈസ്പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ് ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ റ്റി.ഡി.ബാബു, എബി എബ്രഹാം, ജോയി പാറയ്ക്കൽ, അനീഷ് കാവാലം, എൻ. എ. ഫിലിപ്പ്, തേജസ് ജേക്കബ് തുടങ്ങിയവരും സഭയിലെ മറ്റ് ദൈവദാസന്മാരും ശുശ്രൂഷിക്കും. ബൈബിൾ ക്ലാസുകൾ, മിഷനറി സമ്മേളനം, സോദരീസമാജം, യുവജന സമ്മേളനം, ജനറൽ കൗൺസിൽ, വെൽഫയർ ബോർഡ് സമ്മേളനം, സ്നാന ശുശ്രൂഷ എന്നിവ നടക്കും. ഞായറാഴ്ച കർത്തൃമേശയോടുകൂടി സഭായോഗവും പൊതു സമ്മേളനവും നടക്കും. ഡയറക്ടർ പാസ്റ്റർ വർഗീസ് ജേക്കബ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

# പൂർവ്വ വിദ്യാർത്ഥി സമ്മേളനം

**കുമ്പനാട്:** ഇന്ത്യാ ബൈബിൾ കോളജിലെയും പഴയ ഹെബ്രോൻ ബൈബിൾ കോളജിലെയും പൂർവ്വ വിദ്യാർത്ഥികളുടെ 2017 ജനുവരി 19 വ്യാഴം, ഉച്ചയ്ക്ക് 2 മുതൽ കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജ് ഓഡിറ്റോറിയത്തിൽ നടക്കും. റവ. റ്റി. വത്സൻ ഏബ്രഹാം മുഖ്യപ്രഭാഷണം നടത്തും. സമ്മേളനത്തിൽ മുതിർന്ന പൂർവ്വ വിദ്യാർത്ഥികളെ ആദരിക്കും. പാസ്റ്റേഴ്സ് ജേക്കബ് വർക്കി (പ്രസിഡന്റ്), സാംകുട്ടി മാത്യു (ജനറൽ സെക്രട്ടറി), ലാലു കോശി (ട്രഷറാർ), അലക്സ് പാപ്പച്ചൻ, കെ. ജെ. മാത്യു, സാബു തോമസ്, സജി മത്തായി തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നൽകും. ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി ഈ വർഷവും അർഹരായവർക്ക് സഹായം നൽകുന്നതാണ്.

## 08 ആടുകളുടെ കരച്ചിലും...

ന്നു ശൗൽ പറഞ്ഞു. അരുതാത്തത് ചെയ്തിട്ടുള്ള മറുപടിയിൽ പോലും ദൈവത്തിനു വേണ്ടി എന്ന് ധ്വനിവരുത്താൻ ശൗൽ മാത്രമല്ല മിടുക്കൻ ഇന്നും ധാരാളം പ്രേഷിതർ നമുക്ക് ഉണ്ട്. അന്ന് ശൗൽ "നിന്റെ ദൈവമായ യഹോവെക്കു" എന്നായിരുന്നു പറഞ്ഞതെങ്കിൽ ഇന്ന് അതിനു അൽപ്പം മാറ്റം സംഭവിച്ചിരിക്കുന്നു. എന്താ ഉപദേശി ഈ കേൾക്കുന്നതെന്ന് ചോദിച്ചാൽ അളന്നു കുറിച്ച് പറയും "കിടക്കട്ടെ ദൈവനാമമഹത്വത്തിനല്ലയോ"!!! ഉപദേശത്തിൽ മായം കലർത്തി ജനങ്ങളെ മാത്രം ഉന്മൂലമാക്കുകയും കല്പനാലംഘനം നടത്തുന്ന നേതാവിനെ സംരക്ഷിക്കുകയും കൊഴുത്ത് തടിച്ചവയെ ഒക്കെയും പിന്നാമ്പുറത്ത് മറയ്ക്കുകയും ചെയ്യുന്നവർക്ക് ചെവികളിൽ മുഴങ്ങുന്ന അപശബ്ദങ്ങൾ മറയ്ക്കുവാൻ കഴിയില്ല. നിനവുകളെ പോലും ആരാഞ്ഞറിയുന്നവന്റെ മുൻപിൽ സകലവും നഗ്നവും മലർന്നതുമെന്നു അറിയാതെ പോകരുത്. യഹോവയുടെ കല്പന അനുസരിക്കാതെ കൊള്ളെക്കു ചാടി യഹോവെക്കു അനിഷ്ടമായതു ചെയ്ത ശൗലിനോട് ശമുവേൽ പറഞ്ഞ വാക്കുകൾ "ഇതാ അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനേക്കാളും നല്ലത്". ശപഥാർപ്പിതവസ്തുക്കൾ യാഗത്തിനായി കൊണ്ടുവരുന്നത് കൈനീട്ടി വാങ്ങുകയും അവരുടെ തലമുറയുടെ അനുഗ്രഹത്തിനായി പിടിച്ചുവെച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നത് ഇന്നിന്റെ യാഥാർത്ഥ്യങ്ങളാണ്. ഇതെല്ലാം ദൈവനാമമഹത്വത്തെക്കാളുപരി ശാപം വരുത്തി വയ്ക്കാൻ കാരണമായി ഭാവിക്കുകയെ ഉള്ളുവെന്ന് ചരിത്രം സാക്ഷിക്കുന്നു. സ്വന്തകാഴ്ചയിൽ നീ ചെറിയവനായിരുന്നിട്ടും. യഹോവ ശൗലിനെ യിസ്രായേൽ ഗോത്രങ്ങൾക്കു തലവനാക്കുകയും യിസ്രായേലിന്റെ രാജാവായി അഭിഷേകം കഴിക്കയും ചെയ്തു. ശൗലോ അനുസരണക്കേടിന്റെ പര്യായമായി മാറി. ശമുവേൽ ശൗലിനോടു; നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ടു യഹോവ നിന്നെ യിസ്രായേലിലെ രാജാസ്ഥാനത്തുനിന്നു തള്ളിക്കളഞ്ഞിരിക്കുന്നു. ചെറിയവരായിരുന്ന നമ്മെയും തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവർ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുത്തു(എഫെ:1:4). സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചു. ദൈവകൽപ്പനകൾ അനുസരിക്കുന്നതിനേക്കാൾ വലിയ ഒരു യാഗവും ഇല്ല. ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസിനെക്കാളും നല്ലത്.

ഈ പുതുവർഷത്തിൽ അനുസരണക്കേട് നമ്മിൽ നിന്നും അകറ്റാം... അരുതാത്തവയോടു വിട പറയാം... വചനത്തിൽ നിലനിൽക്കാം. കർത്താവിന്റെ വരവിനായി ഒരുങ്ങാം. സർവ്വശക്തന്റെ കൃപ നമ്മോടു കൂടെ ഇരിക്കുമാറാകട്ടെ.

## 01 ഹെബ്രോൻപുരം ഒരുങ്ങി....

പൂവക്കാല കൺവീനറായുമുള്ള ക്വയർ ഗാനശുശ്രൂഷ നടത്തും.

കൺവൻഷന് മുന്നോടിയായി കഴിഞ്ഞ മൂന്നു വർഷങ്ങളായി നടന്നു വരുന്നതുപോലെ ഒരാഴ്ച നീണ്ടു നിൽക്കുന്ന ഉപവാസയോഗങ്ങൾ ജനുവരി 8 മുതൽ 14 വരെ കൺവൻഷൻ പന്തലിൽ നടക്കും.

കൺവൻഷൻ ദിവസങ്ങളിൽ പുലർച്ചെ 5 മുതൽ 6 വരെയും വൈകിട്ട് 4.30 മുതൽ 5.30 വരെയും രാത്രി 9 മുതൽ 10 വരെയും പന്തലിൽ കാത്തിരിപ്പു യോഗം നടക്കും. 6 ന് പ്രഭാത ധ്യാനം 8 ന് വചന ധ്യാനം 10 ന് പൊതുയോഗം, 2 ന് മിഷനറി സമ്മേളനം എന്നിവ നടക്കും. 17 ന് 10 ന് ഹെബ്രോൻ ബൈബിൾ കോളേജ് ബിരുദദാനം, 19 ന് 2 ന് സോദരി സമാജം സമ്മേളനം, 20 ന് 4 ന് രോഗാവസ്ഥയിലും വാർദ്ധക്യത്തിലുമായ സുവിശേഷകർക്കുള്ള സഹായ വിതരണം, 21 ന് രാവിലെ 7 ന് സ്നാനശുശ്രൂഷ, 1 .30 ന് സൺഡേസ്കൂൾ, പിവൈപിഎ വാർഷികം, 2.30 ന് മറുനാടൻ മലയാളി സംഗമം എന്നിവ നടക്കും. 22ന് 7 ന് പതിനായിരക്കണക്കിന് വിശ്വാസികൾ പങ്കെടുക്കുന്ന തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർ എം.വി.വർഗ്ഗീസ് നേതൃത്വം നൽകും. പാസ്റ്റർ തോമസ് വി.കോശി അദ്ധ്യക്ഷത വഹിക്കും. പാസ്റ്റർ കെ.എം.ജോസഫ് വചനശുശ്രൂഷ നടത്തും. തുടർന്ന് സംയുക്ത സഭായോഗവും സമാപന സമ്മേളനവും നടക്കും. കർണ്ണാട സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ റ്റി. ഡി.തോമസ് അദ്ധ്യക്ഷത വഹിക്കും. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, സെക്രട്ടറി പാസ്റ്റർ കെ. സി.ജോൺ, പാസ്റ്റർ ഷാജി ദാനിയേൽ എന്നിവർ പ്രസംഗിക്കും.

ആറായിരത്തിലധികം പേർക്ക് ഇരിക്കാവുന്ന ഇരുപത്തിനാലായിരം സ്ക്വയർ ഫീറ്റ് ഇരുനില എ.സി ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനം 21 ന് 1 മണിക്ക് നടക്കും. രണ്ടുകോടിയിലധികം ചിലവഴിക്കുന്ന ഓഡിറ്റോറിയത്തിന് മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ റ്റി.ജി.ഉമ്മന്റെ പേരാണ് നാമകരണം ചെയ്തിരിക്കുന്നത്. 1925 -ൽ റാന്നിയിൽ ചെറിയനിലയിൽ ആരംഭിച്ച കൺവൻഷൻ പിൽക്കാലത്ത് കുമ്പനാട്ടേക്ക് മാറ്റുകയായിരുന്നു. ലോകമെങ്ങുമുള്ള പെന്തെക്കോസ്ത് വിശ്വാസികൾ സഭാ വിഭാഗ വ്യത്യാസമില്ലാതെ പങ്കെടുക്കുന്ന ആത്മീയ സംഗമ വേദിയായി ഇത് മാറിക്കഴിഞ്ഞു.

കൺവൻഷന്റെ വിപുലമായ ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് വിവിധ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടക്കുന്നു. പാസ്റ്റർ ജേക്കബ് ജോൺ (ജനറൽ പ്രസിഡന്റ്), പാസ്റ്റർ വിൽസൺ ജോസഫ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഡോ.കെ.സി.ജോൺ (ജനറൽ സെക്രട്ടറി), പാസ്റ്റർ തോമസ് ഫിലിപ്പ് (ജോയിന്റ് സെക്രട്ടറി), സജി പോൾ (ട്രഷറർ) എന്നിവരെ കൂടാതെ ക്രമീകരണങ്ങൾക്കായി വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നായി പബ്ലിസിറ്റി കമ്മറ്റി ഭാരവാഹികളായ എം.വി.ഫിലിപ്പ്, കുര്യൻ ജോസഫ്, ഗ്ലാഡ്സൺ ജേക്കബ്, ജോജി ഐപ്പ് മാത്യൂസ് എന്നിവർ അറിയിച്ചു.

# നവാപൂർ കൺവൻഷന് അനുഗ്രഹസമാപ്തി

**നവാപൂർ:** ഉത്തരേന്ത്യയിലെ ഏറ്റവും വലിയ ആത്മീയ സംഗമമായ 36-ാമത് നവാപൂർ കൺവൻഷൻ സമാപിച്ചു. നവംബപർ 8 ന് വൈകിട്ട് 6 ന് നാഷണൽ ഓവർസിയർ റവ. ജോയി പുന്നൂസ് കൺവൻഷൻ ഉദ്ഘാനടനം ചെയ്തു. സുവി. സുരേഷ് ബാബു യോഗങ്ങളിൽ മുഖ്യ പ്രഭാഷണം നടത്തി. കൂടാതെ പാസ്റ്റർമാരായ എം.എസ്. ശാമുവേൽ, സി.സി. തോമസ്, ഡോ. ജേക്കബ് ചെറിയാൻ, ഡോ. പോൾ മാത്യു എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു.

കൺവൻഷനോടനുബന്ധിച്ച് ശുശ്രൂഷക സമ്മേളനം വിദ്യാർത്ഥി-യുവജന സമ്മേളനം, സഹോദരി സമ്മേളനം, മെഡിക്കൽ ക്യാമ്പ് എന്നിവ നടന്നു. 12 ന് ശനിയാഴ്ച രാവിലെ ഫിലദൽഫിയ ബൈബിൾ കോളേജിൽ നിന്നും പഠനം പൂർത്തിയാക്കിയ 25 വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ ഡോ. ഫിന്നി ഫിലിപ്പ് ബിരുദങ്ങൾ നൽകി. ഡോ. ജേക്കബ് ചെറിയാൻ മുഖ്യ അതിഥിയായിരുന്നു. സിസ്റ്റർ സംഗീതയുടെ നേതൃത്വത്തിലുള്ള ഫിലദൽഫിയ ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു. 13 ന് ഞായറാഴ്ച പതിനായിരങ്ങൾ പങ്കെടുത്ത സംയുക്ത സഭായോഗത്തോടും പൊതുയോഗത്തോടും കൂടി കൺവൻഷൻ സമാപിച്ചു. പാസ്റ്റർ കെ.വി. ഏബ്രഹാം കർത്തൃമേശക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.ഒ. വർഗീസിന്റെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ കൺവൻഷന് നേതൃത്വം നൽകി.

Patmos Ministries India
ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കംമ്പ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും
പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ
തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959
Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

കഥ

# വേശ്യ



ആഷേർ മാത്യു

"അബോർഷൻ....?"

നിങ്ങൾ എന്താണ് തോമസ് ഈ പറയുന്നത്?

ഡോക്ടർ ജയകുമാറിന്റെ മുഖത്ത് അമ്പരപ്പും ദേഷ്യവും ഒക്കെയുണ്ടായിരുന്നു.

ആനിയാണ് അതിന് മറുപടി പറഞ്ഞത്.

"ഡോക്ടർ... തീരുമാനം എന്റേതു കൂടിയാണ്. ഞങ്ങൾ ഒന്നിച്ച് ആലോചിച്ചെടുത്ത തീരുമാനമാണ്".

"നോക്കൂ ആനീ... കുട്ടികൾ വേണ്ടാ എന്ന തീരുമാനത്തിന് പിന്നിൽ നിങ്ങൾക്ക് പല കാരണങ്ങളും ഉണ്ടാവാം... നിങ്ങളുടെ കരിയർ... ഫിനാൻഷ്യൽ മാറ്റേഴ്സ്... എന്തുമാകട്ടെ... ബട്ട്... നിങ്ങൾ ഒരു ജീവനെയാണ് കൊല്ലുന്നത്". ഡോക്ടറുടെ ശബ്ദം വളരെ ഗൗരവമേറിയതായിരുന്നു.

"അതൊക്കെ ഞങ്ങൾക്കറിയാം ഡോക്ടർ. അത് കൊണ്ടാണ് ഇത് വളരെ വേഗം ചെയ്യണമെന്ന് ഞങ്ങൾ നിർബന്ധം പിടിക്കുന്നതും. ഇവൾ ഗർഭിണിയാണെന്നറിഞ്ഞിട്ട് രണ്ട് ദിവസമേയാകുന്നുള്ളൂ. സോ.... കുഞ്ഞിന് അധികം വളർച്ച ഉണ്ടാകുന്നതിന് മുമ്പ്... അബോർട്ട് ചെയ്യണം എന്നാണ് എന്റെ ആഗ്രഹം... പ്ലീസ് ഡോക്ടർ ഞങ്ങൾക്ക് മറ്റൊരാളുടെ മുമ്പിൽ ഇതുപോലെ ഓപ്പൺ ആയി പറയാൻ പറ്റില്ല". വിഷാദഭാവത്തിൽ തോമസ് കാര്യം പറഞ്ഞു.

ഉറ്റസുഹൃത്തുക്കളാണ് ഡോ. ജയകുമാറും തോമസ്സും. തോമസ്സിന്റെയും ആനിയുടെയും വിവാഹം കഴിഞ്ഞിട്ട് രണ്ടു വർഷമാകുന്നതേയുള്ളൂ. അറിയപ്പെടുന്ന ഐ. ടി. കമ്പനിയിലെ ഉദ്യോഗസ്ഥരാണ് തോമസ്സും ആനിയും. ഉദ്യോഗത്തിന്റെ മേഖലയിൽ ഓരോ പടവുകൾ ചവിട്ടിക്കയറുകയാണ് ആനി. വളരെ സമർത്ഥയായ ചെറുപ്പക്കാരി. ഇപ്പോൾ ഒരു കുഞ്ഞുണ്ടായാൽ തന്റെ ജോലിയെയും പ്രമോഷനെയുമൊക്കെ അത് ബാധിക്കും. അതുകൊണ്ടാണ് 'സിറ്റി ഹോസ്പിറ്റലിൽ" ഡോ. ജയകുമാറിന്റെ റ്റേബിളിന് മുന്നിൽ തോമസ്സും ആനിയും ഇപ്പോൾ അക്ഷമരായി ഇരിക്കുന്നത്.

കുറച്ച് നേരം കണ്ണടച്ച് ഡോക്ടർ ജയകുമാർ മൗനമായി ഇരുന്നു. മൗനം അന്തരീക്ഷത്തിൽ തളം കെട്ടിക്കിടന്നു.

'ഡു യു നോ... ഹു ഈസ് ദ ബെസ്റ്റ് മദർ ഇൻ ദ ബൈബിൾ?'

ഡോ. ജയകുമാറിന്റെ ചോദ്യം.

തോമസ്സും ആനിയും കണ്ണിൽ കണ്ണിൽ നോക്കി.

"ഞാൻ ചോദിച്ചത്... ബൈബിളിലെ ഏറ്റവും നല്ല അമ്മ ആരാണ് എന്നറിയുമോ? ബൈബിൾ വായിക്കുന്ന ശീലം പണ്ട് മുതലേ എനിക്കുണ്ടെന്ന് തോമസ്സിനറിയാമല്ലോ .... നിങ്ങൾ ക്രിസ്ത്യാനികൾക്ക് അറിയാമോ എന്ന് നോക്കട്ടെ..ഉത്തരം പറയൂ..."

ഒരു ചെറുചിരിയോടെ ജയകുമാർ ചോദിച്ചു.

നിരവധി കഥാപാത്രങ്ങൾ അവരുടെ മനസ്സിലേക്ക് ഓടി വന്നു.

ഹന്ന...ശമുവേൽ ബാലന്റെ അമ്മ...കരഞ്ഞവൾ...പ്രാർത്ഥിച്ചവൾ... നേർന്നവൾ...

"ഹന്നയല്ലേ?" ആനിയാണ് ചോദിച്ചത്.

"അല്ല". ജയകുമാർ മറുപടി നല്കി.

"എങ്കിൽ യേശുവിന്റെ അമ്മ മറിയ തന്നെ...

സംശയമില്ല..." തോമസ്സിന്റെ അഭിപ്രായമായിരുന്നു.

"പക്ഷെ എന്റെ ഉത്തരം അതല്ല". ഡോക്ടർ അതും നിഷേധിച്ചു

"എന്നാൽ ഡോക്ടർ തന്നെ പറ. ഞങ്ങൾക്ക് ഇതിൽ കൂടുതൽ അറിയില്ല." ആകാംക്ഷയോടെ ആനി പറഞ്ഞു.

"ശരി പറയാം...ഒത്തിരി നല്ല അമ്മമാരെപ്പറ്റി ബൈബിളിൽ പറയുന്നുണ്ട്... യേശുവിന്റെ അമ്മ... യോഹന്നാന്റെ അമ്മ... അഞ്ചപ്പവും മീനും കൊടുത്തു വിട്ട ബാലകന്റെ അമ്മ... അങ്ങനെ ഒത്തിരി..." ഡോ. ജയകുമാർ വളരെ ഗൗരവത്തിലാണ്. ഒരു ഗ്ലാസ്സ് വെള്ളം കുടിച്ചതിന് ശേഷം അദ്ദേഹം ചോദിച്ചു.

"'ശലോമോൻ രാജാവിന്റെ ജ്ഞാനം' എന്ന കഥ കേട്ടിട്ടുണ്ടോ? ഉണ്ടാവണം... ഒരു കുഞ്ഞിന് വേണ്ടി രണ്ട് അമ്മമ്മാർ അവകാശവാദം ഉന്നയിച്ച് ശലോമോൻ രാജാവിന്റെ മുമ്പിൽ ചെന്ന കഥ. വാളെടുത്ത് കുഞ്ഞിനെ മുറിച്ചു രണ്ട് പേർക്കും വീതം വെക്കാമെന്ന് പറഞ്ഞപ്പോൾ യഥാർത്ഥ അമ്മയെ കണ്ട് പിടിച്ച കഥ?"

"ഉണ്ട്. കേട്ടിട്ടുണ്ട്. പക്ഷെ അത് ശലോമോന്റെ ജ്ഞാനത്തെ പ്രകീർത്തിക്കുന്ന കഥയല്ലെ?" ആനിയുടെ സംശയം.

"അല്ല.. ബൈബിളിലെ ഏറ്റവും മികച്ച അമ്മയുടെ കഥയാണത്. ആ രണ്ട് സ്ത്രീകൾ... അവർ വേശ്യമാരായിരുന്നു". ഒന്ന് നിർത്തിയശേഷം ഡോക്ടർ ചോദിച്ചു.

"ഒരു വേശ്യക്കെന്തിനാണ് കുഞ്ഞിനോട് ഇത്ര സ്നേഹം? തന്റെ ജോലിക്ക് തടസ്സമാകുന്ന, സ്വാതന്ത്ര്യത്തിന് തടസ്സമാകുന്ന അപ്പനില്ലാത്ത..... ആ കുഞ്ഞ് മരിച്ചുപോയെന്ന് സമ്മതിച്ചുകൊടുക്കാത്ത ആ സ്നേഹം? അതിലും വലിയ സ്നേഹമുണ്ടോ? നിങ്ങൾ പറയൂ.."

തല കറങ്ങുന്നതുപോലെ തോന്നി തോമസ്സിനും ആനിക്കും. ആ വേശ്യയുടെ അത്ര പോലും നല്ല മനസ്സ് ഞങ്ങൾക്കില്ലേ? അവരുടെ മനസ്സ് ഉരുകുകയായിരുന്നു.

"എന്റെ കുഞ്ഞിനെ എനിക്ക് വേണം ഡോക്ടർ. എനിക്ക് അബോർഷൻ ചെയ്യണ്ട". ആനി വിങ്ങിപ്പൊട്ടുകയായിരുന്നു.

തന്റെ കുഞ്ഞിന് വേണ്ടി കൊട്ടാരം വരെ കയറിച്ചെന്ന വേശ്യയായ ആ സ്ത്രീയുടെ മുഖത്ത് കണ്ട അതെ മാതൃസ്നേഹം, ദൃഢനിശ്ചയം ആനിയുടെ മുഖത്ത് അപ്പോളുണ്ടായിരുന്നു.


## പാസ്റ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം

ഫലപ്രദമായ സുവിശേഷീകരണം എങ്ങനെ സാധ്യമാകും എന്നതിനെപ്പറ്റി സുവിശേഷകന്മാർക്കും, സഹോദരിമാർക്കുമായി പ്രത്യേക ക്ലാസ്സുകൾ.

സ്ഥലം: വില്ലേജ് ഇൻ ചെങ്ങന്നൂർ
സമയം: 2017 ജനുവരി 24 – 25വരെ
9.00 am – 2.00 pm – 5.30 pm – 8.30 pm

സംഘാടകർ : Peace Harvest India

സാം പൂവത്തുംമൂട്ടിലും (കാനഡ) ടീമും ക്ലാസ്സുകൾ നയിക്കുന്നു

പുസ്തകങ്ങൾ, ഭക്ഷണം ഇവ സൗജന്യം

കോഴ്സ് സർട്ടിഫിക്കേറ്റ് നൽകും

ഫോൺ: 9961281648 (ബ്രദർ റോഷൻ)
9446617554 (പാസ്റ്റർ ബാബു)

## ബിലീവേഴ്സ് ജേണൽ
ക്രൈസ്തവ ദ്വൈവാരിക




മാധ്യമ ലോകത്തെ വേറിട്ട ശബ്ദം...മുഖപക്ഷമില്ലാത്ത നിലപാടുകൾ

വാർഷിക വരിസംഖ്യ 200 രൂപ.
കുമ്പനാട്, തിരുവല്ല കൺവൻഷൻ സ്റ്റാളുകളിൽ പണം അടയ്ക്കുന്നവർക്ക് 150 രൂപ മാത്രം.
രണ്ടുവർഷത്തെ വരിസംഖ്യ ഒന്നിച്ചടയ്ക്കുന്നവർക്ക് ആഷേറിന്റെ കഥകൾ സൗജന്യമായി ലഭിക്കുന്നു.




Contact Details

BELIEVERS JOURNAL
KANDAMKERIL BUILDING
KUMABANAD P.O, THIRUVALLA
KERALA - 689 457

www.beljourn.com
Email: beljourn@gmail.com
Office: 0469 2666995
09447368795

## കണ്ടതും കേട്ടതും

# “കൃപയാലത്രേ ആത്മരക്ഷ..”

ജയ്മോഹൻ അതിരുങ്കൽ

തൊണ്ണൂറുകളുടെ മദ്ധ്യത്തോടെ ജന്മമെടുത്ത ഗാനമാണിത്– “കൃപായാലത്രേ ആത്മരക്ഷ” എഴുതി, സംഗീതം നൽകിയയാൾ തോമസ് ഇടയാൽ, അങ്ങനെ പറഞ്ഞാൽ ആർക്കും അറിയില്ല; കുട്ടിയച്ചൻ എന്നു പറഞ്ഞാൽ എല്ലാവരുമറിയും. സുവിശേഷ സന്ദേശമടങ്ങിയ പല പാട്ടുകളുണ്ടെങ്കിലും, “കൃപയാലത്രേ ആത്മരക്ഷ” പോലെ സമസ്തമേഖലകളും(രക്ഷയുടെ)പരാമർശിക്കുന്ന മറ്റൊരു ഗാനമുണ്ടെന്നു തോന്നുന്നില്ല. ലളിതമായ പദവിന്യാസം, നല്ല ഈണം, ഹൃദ്യമായ ആലാപനം, മികച്ച പശ്ചാത്തലസംഗീതം തുടങ്ങിയവ ഈ ഗാനത്തെ വേറിട്ടു നിർത്തുന്ന ഘടകങ്ങളാണ്. ചടുലമായ തുടക്കം ഏറെ ശ്രദ്ധേയമാണ്.

ഒരു പരസ്യയോഗത്തിൽ കാസറ്റിട്ട് ഈ പാട്ടു കേൾപ്പിച്ചതോർക്കുന്നു. ഒന്നാമത്തെ ചരണത്തിന്റെ തുടക്കമായ, “മലകൾ കയറിയാൽ കിട്ടുകില്ലാ” എന്ന ഭാഗം ‘ഫാസ്റ്റ് ഫോർവേഡ്’ ബട്ടണമർത്തി പറഞ്ഞുവിട്ടിട്ട് ബാക്കിയുള്ള ഭാഗമാണു കേൾപ്പിച്ചത്. “ഏതു മലയാടാ” എന്നു ചോദിച്ചുകൊണ്ട് ആരെങ്കിലും വന്നാൽ, “കുരിശുമലയാണേ” എന്നു പറഞ്ഞു രക്ഷപ്പെടാനൊക്കുമെന്നു തോന്നുന്നില്ല. എന്നാലും ആ ചരണത്തിന്റെ ഭംഗി ഒന്നു വേറെ തന്നെയാണ്! ക്രിയകൾ നടത്തിയാൽ നേടാൻ കഴിയാത്ത, നന്മകളും നോമ്പുകളും നേർച്ചകാഴ്ചകളും കൊണ്ടു കൈവരിക്കാൻ കഴിയാത്ത ഈ രക്ഷ, ലോകത്തിൽ ജീവിച്ചിരിക്കുമ്പോൾത്തന്നെ നേടണമെന്നു പറഞ്ഞുകൊണ്ടാണു രണ്ടാമത്തെ ചരണം(stanza) തുടങ്ങുന്നത്. ഒരാൾ മരിച്ചുകഴിഞ്ഞ് എത്ര കുർബാന ചൊല്ലിച്ചാലും ബലിയിട്ടാലും ഒഴിഞ്ഞുപോവുകയില്ലെന്നുള്ള വചനസത്യം(മരണാനന്തരം രക്ഷയില്ലെന്ന സത്യം) ഈ ചരണം വ്യക്തമാക്കുന്നു. “നരകശിക്ഷയിൽ നിന്നു വിടുതൽ നേടണമെങ്കിൽ, രക്ഷകന്റെ സന്നിധിയിൽ വന്നേ മതിയാകൂ എന്നു പറഞ്ഞുകൊണ്ടാണ്, അല്ലെങ്കിൽ വരുന്നതിനുള്ള ആഹ്വാനം നൽകിക്കൊണ്ടാണ് ഈ ഭാഗം അവസാനിക്കുന്നത്.




ഒടുവിലായി, “രക്ഷകന്റെ സന്നിധിയിൽ ചെന്ന്, പാപമെല്ലാം ഏറ്റുപറയണ”മെന്നാണ് ആവശ്യപ്പെടുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ യാഗം മൂലം പാപമെല്ലാം പോക്കി, ദൈവപൈതലാക്കി മാറ്റു”മെന്ന ഉറപ്പും നൽകിക്കൊണ്ട് ഈ മനോഹരമായ ഗാനത്തിനു അവസാനിക്കുകയാണ്.

കർത്താവിന്റെ ദാസൻ കുട്ടിയച്ചൻ ഈണം പകർന്ന ഗാനങ്ങളിൽ എന്തുകൊണ്ടും മുന്നിട്ടുനിൽക്കുന്നതാണു “കൃപയാലത്രേ ആത്മരക്ഷ”. “നിന്റെ ഭാരം യഹോവയിങ്കൽ വച്ചുകൊൾ” “സ്വർഗ്ഗമെൻ സിംഹസാനം ഭൂമിയെൻ പാദപീഠം” എന്നീ ഗാനങ്ങളും മികച്ച നിലവാരം പുലർത്തുന്നതാണ്.

സംഗീതസംവിധാനരംഗത്ത് ഈ കർത്തൃദാസന് ഇനിയും ധാരാളം കാര്യങ്ങൾ ചെയ്യാൻ കഴിയും. നല്ലൊരു വയലിൻ വാദകനായ കുട്ടിയച്ചൻ എട്ടു വർഷം യേശുദാസിന്റെ ‘തരംഗിണി’ സ്റ്റുഡിയോയിൽ പ്രവർത്തിച്ചുവെന്നതും ഓർക്കുക.

സംഗീതസംബന്ധിയായ രചനകൾ ഞാൻ ശ്രദ്ധിക്കാറുണ്ട്. അങ്ങനെയൊരു പുസ്തകത്തിൽ, ദേശീയ അവാർഡ് ജേതാവായ ഒരു സംഗീതസംവിധായകനെക്കുറിച്ചു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മെ അമ്പരപ്പിക്കുന്നതാണ്. അദ്ദേഹത്തിന്റെ ഒരു സഹപ്രവർത്തകൻ പറഞ്ഞത്, “ഏതായാലും അദ്ദേഹത്തിന് (സംഗീതസംവിധായകന്) അല്പം ഹാർമോണിയം വായിക്കാനറിയാം” എന്നായിരുന്നു!

കുട്ടിയച്ചൻ ഒരു സംഗീതകാരൻ മാത്രമല്ല, സാക്ഷ്യമുള്ള ഒരു സുവിശേഷകനും കൂടിയാണ്. ‘സാക്ഷ്യമുള്ള’ എന്നും പ്രത്യേകമായി സൂചിപ്പിച്ചത് അതില്ലാത്തവരാണു പലരുമെന്നതുകൊണ്ടാണ്. “സാക്ഷ്യമില്ലാത്തവൻ സുവിശേഷവേല ചെയ്യാതിരിക്കുന്നതുതന്നെ ഒരു സുവിശേഷവേലയാണെ”ന്ന് ഒരാൾ പറഞ്ഞതോർക്കുന്നു.

ഏതായാലും, “കൃപയാലത്രേ ആത്മരക്ഷ” എന്ന മനോഹരമായ ഈ സുവിശേഷഗാനം കർത്താവിന്റെ വരവുവരെ നിലനിൽക്കുന്ന ഒരു രചനയാണെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

**നീക്കിബാക്കി:** ‘ആത്മരക്ഷ’യ്ക്ക് ആത്മാവിന്റെ രക്ഷയെന്നാണ് ഇവിടുത്തെ വിവക്ഷ. സിംഹത്തെ കണ്ടപ്പോൾ അയാൾ ആത്മരക്ഷാർത്ഥം ഓടിപ്പോയി എന്നു പറഞ്ഞാൽ, സ്വയരക്ഷയ്ക്കുവേണ്ടി ഓടിപ്പോയി എന്നാണർത്ഥം. ഏഴെട്ടു കൊല്ലം മുമ്പ് പുനലൂർ പേപ്പർ മില്ലിനടുത്തുവച്ച് ശാരോൻ സഭയുടെ ഒരു കൺവൻഷൻ നടന്നു. ആ സഭയുടെ അന്നത്തെ ശുശ്രൂഷകൻ തന്നെയായിരുന്നു ആദ്യത്തെ ദിവസം പ്രസംഗിച്ചത്. അദ്ദേഹം പ്രസംഗത്തിനിടയിൽ പറഞ്ഞു: “പത്രപ്രവർത്തകരാരെങ്കിലും ഇതു കേൾക്കുന്നുണ്ടെങ്കിൽ ശ്രദ്ധിക്കണം: ഇനിയാരും ആത്മഹത്യ എന്നെഴുതരുത്; ആത്മാവിനെ കൊല്ലാനൊക്കുകയില്ല(ശരീരഹത്യയെന്നെഴുതണമെന്നു കൂടി അദ്ദേഹം പറഞ്ഞെന്നാണോർമ്മ). ഏതായാലും ആത്മകഥ ആത്മാവിന്റെ കഥയാണെന്നു പറയാഞ്ഞതു കാര്യമായി!

## സെന്റർ കൺവൻഷൻ

**അടൂർ:** ഐ.പി.സി അടൂർ വെസ്റ്റ് സെന്റർ വാർഷിക കൺവൻഷൻ 2017 ഫെബ്രുവരി 1 മുതൽ 5 വരെ കടമ്പനാട് ഐ.പി.സി ഹെബ്രോൺ ഗ്രൗണ്ടിൽ നടക്കും. സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ ബഞ്ചമിൻ വർഗീസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ റ്റി.ഡി ബാബു, എബി ഏബ്രഹാം, സണ്ണി കുര്യൻ, ഫിലിപ്പ് പി. തോമസ്, സാംജോർജ്, ജോൺസൺ ദാനിയേൽ, ഡോ. ജോയി ജോസഫ് എന്നിവർ പ്രസംഗിക്കും. സെന്റർ കൺവൻഷൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. സണ്ടേസ്കൂൾ, പി.വൈ.പി.എ, സോദരീസമാജം വാർഷിക യോഗങ്ങൾ കൺവൻഷനോടനുബന്ധിച്ച് നടക്കും. പാസ്റ്റർമാരായ തോമസ് ജോസഫ്, ഏ.സി. ജോസ്, ബിജുകോശി, സാജൻ ഈശോ, മാർക്ക് എൻ തങ്കച്ചൻ, സഹോദരന്മാരായ ജോസ് പുതുമല, അലക്സാണ്ടർ. എ എന്നിവർ നേതൃത്വം നൽകും.



MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 01

BELIEVERS JOURNAL

PUBLISHED ON 10/01/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10



# ജീവൻ ജ്യോതി

## പാരമ്പര്യ ഗൃഹചികിത്സ

കണ്ടത്തിൽപീടിക – കരുവൻചാൽ, ആലക്കോട്(വഴി) കണ്ണൂർ(ജില്ല), കേരളാ

Ph: 0460 2246214, www.jeevanjyothy.com, email@jeevanjyothy.com

ആയുർവ്വേദത്തിലെ ത്രിദോഷസിദ്ധാന്തം;
പഞ്ചഭൂത സിദ്ധാന്തം ഇവയുടെ
അടിസ്ഥാനത്തിൽ ആവിഷ്കൃതവും
വികസിതവുമായ ചികിത്സാ രീതികൾ....
ആർഷഭാരതത്തിലെ അമൂല്യങ്ങളായ
ഔഷധസസ്യങ്ങൾ
കൊണ്ടുള്ള ചികിത്സാരീതികൾ....
മാറാരോഗങ്ങൾക്കുള്ള ഒറ്റമൂലി ചികിത്സകൾ...

NB: അൾസർ, പൈൽസ്, സോറിയാസിസ്
തീപ്പൊള്ളൽ തുടങ്ങിയവയ്ക്ക്
ഫലപ്രദമായ പ്രത്യേക പച്ചമരുന്ന്
ചികിത്സകൾ ലഭ്യമാണ്.

### ചികിത്സാ വിഭാഗങ്ങൾ

1 സുഖചികിത്സ
2 ഉഴിച്ചിൽ
3 പഞ്ചകർമ്മങ്ങൾ
4. നാഡീപിഴവുകൾ
5. മർമ്മ ചികിത്സ
6 നട്ടെല്ലിന്റെ ക്ഷതങ്ങൾ
7 നടുവേദന
8 കാൽമുട്ടുവേദന
9 സ്പോണ്ടിലോസിസ്
10 മൈഗ്രെയിൻ
11 കിഡ്നി സ്റ്റോൺ
12 മൂത്രാശയരോഗങ്ങൾ
13 അലർജി
14 വിട്ടുമാറാത്ത തലവേദന
15 താരൻ
16 മുടികൊഴിച്ചൽ
17 ആസ്മ
18 വെള്ളപ്പാണ്ട്
19 ലൈംഗിക ബലഹീനതകൾ

തുടങ്ങിയവയ്ക്ക് പാരമ്പര്യ ഗൃഹചികിത്സകൾ ലഭ്യമാണ്.

- സോറിയാസിസ്, പ്രമേഹം എന്നിവയ്ക്ക് പ്രത്യേക ചികിത്സാവിധികൾ
- ഹാർട്ട് ബ്ലോക്കിന് ശാശ്വതപരിഹാരം പച്ചമരുന്ന് ചികിത്സ

## "അനുഭവ സാക്ഷ്യങ്ങൾ മുഖമുദ്ര ആകുമ്പോൾ അവകാശവാദങ്ങൾ എന്തിന്?

*ദൈവനാമത്തിനു മഹത്വം!*

കർത്താവിൽ പ്രിയരെ, ദൈവകൃപയാൽ കഴിഞ്ഞ 40-ലധികം വർഷങ്ങളായി ദൈവത്തിലാശ്രയിച്ച് ആയുർവ്വേദ പാരമ്പര്യ ചികിത്സകൾ നടത്തി വരുന്നു.

മരണത്തെ മുഖാമുഖം കണ്ട് ജീവിതത്തിൽ ആശ അറ്റവരുടെ ആത്മികവും ശാരീരികവുമായ രോഗസൗഖ്യത്തിന് ജീവൻ ജ്യോതി പാരമ്പര്യ ചികിത്സാകേന്ദ്രം ആശ്വാസമേകുന്നു. മലയാളക്കരയിൽ നിന്നുമാത്രമല്ല പുറം നാടുകളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും നിരവധി ആളുകൾ ജീവൻ ജ്യോതിയിലെ ചികിത്സ മൂലം രോഗസൗഖ്യം പ്രാപിച്ച് സാക്ഷികളായി ഇന്നും ജീവിക്കുന്നു. ഹാർട്ട് ബ്ലോക്ക് (9944378168), ലിവർ സിറോസിസ് + ക്യാൻസർ (9447581273) 8 ദിവസത്തിൽ കൂടുതൽ ജീവിച്ചിരിക്കില്ല എന്നു പറഞ്ഞ് ഡോക്ടർമാർ ഉപേക്ഷിച്ച് വിട്ടവർ ഇവിടുത്തെ ചികിത്സയുടെ ഫലമായി ഇന്നും സുഖമായിരിക്കുന്നു. സോറിയാസിസ് പാടുപോലുമില്ലാതെ സുഖം (9995401798) പ്രാപിക്കുന്നു. നടുവേദന, പ്രമേഹം, അലർജി, ആസ്തമ തുടങ്ങിയവയ്ക്ക് പാർശ്വഫലമില്ലാതെ ഇവിടെ ഫലപ്രദമായ ചികിത്സ ലഭ്യമാണ്.

ആയുർവേദത്തിലെ ത്രിദോഷസിദ്ധാന്തം, പഞ്ചഭൂത സിദ്ധാന്തം ഇവയുടെ അടിസ്ഥാനത്തിൽ ആവിഷ്കൃതവും, വികസിതവുമായ ചികിത്സാ രീതികൾ; ആർഷഭാരതത്തിലെ അമൂല്യ ഔഷധങ്ങൾ കൊണ്ടുള്ള പച്ചമരുന്നു ചികിത്സകൾ, പാരമ്പര്യ ഗൃഹചികിത്സയുടെ തനിമകൾ, തികച്ചും പ്രകൃതി രമണീയമായ ഭൂപ്രദേശത്ത് ഒരുക്കിയിരിക്കുന്ന മികച്ച താമസസൗകര്യവും ഭക്ഷണവും.

ജീവൻ ജ്യോതിയിലെ ചികിത്സ കൊണ്ട് സൗഖ്യമായവരുടെ അനുഭവസാക്ഷ്യങ്ങൾ ഈ പ്രസ്ഥാനത്തിന് ഊർജ്ജം പകരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങൾ, ക്രിസ്തീയ സഭാപ്രവർത്തനങ്ങൾക്ക് നൽകുന്ന സഹായം, ഹാന്റ് മൈക് വിതരണം തുടങ്ങി വിവിധ നിലകളിൽ മലബാറിലെ സഭകളുമായി ജീവൻ ജ്യോതി പാരമ്പര്യ ഗൃഹചികിത്സാലയം സഹകരിക്കുന്നു. ദൈവ കൃപയാൽ പ്രവർത്തനം മേൽക്കുമേൽ അനുഗ്രഹമായി നടക്കുവാൻ സർവ്വശക്തൻ സഹായിക്കുന്നു. കണ്ണൂരിലെ പൗരാവലി നല്ല വൈദ്യനായി പൊന്നാട നൽകി അംഗീകരിച്ചു. എല്ലാ ദൈവീക ദാനങ്ങൾക്കും ദൈവത്തോട് നന്ദി പറയുന്നു. മാനവും മഹത്വവും സർവ്വശക്തന്. തുടർന്നും ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും ചോദിക്കുന്നു.

ഗുണമേന്മയ്ക്ക്
GMP & ISO 9001
സർട്ടിഫിക്കേറ്റ് ഉള്ള സ്ഥാപനം

*ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ*
റ്റി. എ. ബാബു ഗുരുക്കൾ



T.A.BABU GURUKAL
Reg. No. 1343
Mob: 9446771361
Office No: 9400391361



വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.